# HYDEL BULLET

Issue - 10, Vol - 11 December 2023

A Monthly Publication of the Kerala State Elecrictiy Board Engineers' Association



# 70 th AGB - Special Mention Awards

*Special Mention Award for*
**Organising & Designing Skills of AGB Kozhikode**
*Awarded to*



**Er Vinod Kumar P**
Assistant Engineer,RPTI, Kozhikode

*Special Mention Award for*
**IT Programming skills**
*Awarded to*



**Er Vinuraj R**
Assistant Engineer,ITCU TVM

*Special Mention Award for*
**Adventure Skills**
*Awarded to*



**Er Smruthi M**
Assistant Executive Engineer,
220 kV Substation Subdivision, Kanhirode

*Special Mention Award for*
**Corporate Planning**
*Awarded to*



**Er Sreelekshmi K S**
Assistant Engineer,
Corporate Planning,VB,TVM

*Special Mention Award for*
**Database Administration**
*Awarded to*



**Er Joby Mathai**
Assistant Engineer
IT Cyber Security Division

*Special Mention Award for*
**Centrally Aided Projects**
*Awarded to*



**Er Subha T G**
Assistant Engineer
CAPS VB TVM

*Special Mention Award for*
**Artistic Excellence**
*Awarded to*



**Er Priyanka P S**
Assistant Engineer
Electrical Section Vannappuram

*Special Mention Award for*
**Artistic Excellence**
*Awarded to*



**Er Praseed Krishnan**
Assistant Engineer,
66 kV Substation, Anchukunnu,Wayanad

# 70 th AGB - Er KPS Nair Memorial Awards

**Best Assistant Engineer**
**Distribution**
*Awarded to*



Er. HARSHA KUMARI V
AE ES GANDHINAGAR
KOTTAYAM

**Best Assistant Engineer**
**Transmission**
*Awarded to*



Er. SAJEENA KHADAR
AE 110 kV Substation
Perumbavoor

**Best Assistant Engineer**
**Generation**
*Awarded to*



Er. Agin Paul
Senior Hydraulic Operator in
Idamalayar Power House

**Best Assistant Engineer**
**Generation**
*Awarded to*



Er. JOBY M JOSE
SEO, [illegible] Sub division
[illegible]

**Best Assistant Executive Engineer**
*Awarded to*




Er. DAMIN JOHN
AEE, Lower Periyar
Generation Division



The novel written by **Er Gayathri Nair** 'As the Breeze Whistled Past...' has been selected for the Golden Book Awards. This is one of Asia's most prestigious awards given to selected books.

**Er Mammen C S, AEE**
with Mr. Ivan Vukumanovic; Kerala Blasters Coach,
Mr. Subod; FACT Engineer,
Mr. Shimjith; Kerala Police Coach





**Commemoration of Comrade Kanam Rajendran**

**KSEB Engineers' Association Office Bearers 2022 - 23**

**ASSOCIATION**

**President**
Er G Shaj Kumar

**Vice-Presidents**
Er Viji Prabhakaran (South)
Er Haripradad M (North)

**General Secretary**
Er M Muhammad Rafi

**Treasurer**
Er Anoop Vijayan

**Organizing Secretaries**
Er Nishanth B (South)
Er Sajithkumar M (North)

**Secretaries**
Er Kunjunni P S (HQ)
Er Induchoodan D R (South)
Er Shameer N (North)

**BENEVOLENT FUND**

**Chairman**
Er Jayasankar K R

**Vice Chairman**
Er Subha T G

**Secretary**
Er Haridas Vijayan

**Treasurer**
Er Pradeep S V

**Joint Secretaries**
Er Anoop A (South)
Er Smruthi M (North)

**EDITORIAL BOARD**

**Chief Editor**
Er Rajesh D S

**Associate Editors**
Er Mahesh T
Er. Sarath Dev
Er Divya Ramadas C
Er Preetha D

**Ex. Officio Members**
Er Induchoodan D R
Er Kunjunni P S

# HYDEL BULLET

(A Monthly Publication of the KSEB Engineers' Association)

Issue - 10 Vol - 11 December 2023

*Editorial*

## UNILATERAL AGREEMENT VIOLATIONS – A BIG NO

In the complex web of governance and corporate collaborations, the essence of agreements often faces challenges in implementation. This truth has come to a reality in the recently released Government of Kerala Gazette Notification whereby a crucial clause 6(9) has been deleted leading to the non-adherence to the terms of a Tripartite Agreement involving the Government of Kerala, Kerala State Electricity Board Limited, and Kerala State Electricity Board employees' Unions and Associations.

The Tripartite Agreement, inked on 01.08.2014, was a significant step forward in harmonizing the interests of these key stakeholders, aligning with the provisions of the Kerala Electricity Second Transfer Scheme(Revesting) 2013. However, recent developments, specifically the unilateral modification of the Revesting scheme through G.O.(P)No. 6/2023/Power dated 01.11.2023, have sparked concerns. The agreement, borne out of extensive negotiations and mutual understanding, is now at a critical juncture. The violation of its terms demands our collective attention and actions.

The Government decision now to modify the Revesting scheme is in violation of the provisions of the Second transfer scheme wherein no changes can be made to the scheme once the scheme is final after the initial one year provisional period. This raises serious concerns about the sanctity of agreements and the ulterior motives of the Government in power. Such actions post the agreed-upon timeframe; challenge the fundamental principles of the Tripartite Agreement. The tripartite agreement allowed for the retention of electricity duty by Kerala State Electricity Board Limited for an initial period. Given the current inadequacy of the corpus fund, we call for a continuation of this retention

It is note worthy that the Electricity Act 2003 provides for protection of the rights and benefits enjoyed by the employees post corporatisation of the power utility. It is with this intention the tripartite agreement was formulated. The Tripartite Agreement meticulously outlines the sharing of liabilities, emphasizing the need for urgent measures to fund the additional liability of the Master Trust. This is crucial to ensure the uninterrupted disbursement of pensions and other terminal benefits. Immediate attention is required to address any shortcomings in the Master Trust, to ensure it fulfills its obligations as outlined in the Tripartite agreement. The current state demands prompt remedial action to safeguard the interests of the involved parties. Clause 2(u) of the Tripartite Agreement places the responsibility on the State Government to ensure Kerala State Electricity Board Limited fulfills its commitments. This is a call to action, urging the Government to issue the necessary orders to uphold the agreed-upon terms.

As announced in the last State budget, the reclaiming of the Electricity Duty back to the coffers of the Government is understandable, but the removal of the mechanisms for funding the Master Trust and the liability sharing conditions are pure deceit from the part of the Government, who is the owner of the institution and has vowed to keep its nature public.

We have already brought our strong protests to the CMD and the Power Secretary, released a notice to the staff across the State for empowering them and if the stakeholders are not holding out their positions, we may take a legal option too for protecting the interests of the stakeholders. Anyway we are stubborn in protecting the interests of the 19000 employees who are eligible for statutory pension and 42000 pensioners and will go a long way in fighting for the cause.

# CONTENTS

**01** – *Page 6*
*തീജ്വാല*
ഏഴഴക് !
*Er എൻ.ടി. ജോബ്*

**02** - *Page 9*
ദീർഘകാല വൈദ്യുതിക്കരാറുകളും അവയുടെ പിന്നാമ്പുറക്കാഴ്ചകളും (തുടർച്ച)
*Er* സി.പി. ജോർജ്

**03**- *Page 12*
*സുഭാഷിതം*
നന്മയുടെ ഫലം
*Er കെ. ശശിധരൻ*

**04** - *Page 13*
ഊണ്കഴിക്കൽ
*Er ഹരികുമാർ ബി.*

**05** - *Page 14*
*നാടുനന്നാകാൻ - 22*
കാൻസർ ദ ഗ്രേറ്റ് ?
*Er ഇ.എം. നസീർ*

**06** - *Page 15*
Greatness of Number Seven (7)
*Er Thomas Kolanjikombil*

**07**- *Page 18*
ചതികൾ വിരലറ്റത്ത്
*Er യു.എസ്. രവീന്ദ്രൻ*

**08** - *Page 23*
*ഗാനമാധുരി - 09*
സർപ്പസംഗീതം ഭാഗം രണ്ട്
പാമ്പാട്ടത്തിന്റെ സംഗീതം -
മകുടിനാദവും സർപ്പനൃത്തവും
*Er പി.വി. പ്രമോദ്*

**09** - *Page 28*
പൗരസ്വീകരണവും ഒരു യാത്രയയപ്പും
*Er ഗോപാലകൃഷ്ണൻ ആർ.*

**10** - *Page 31*
സിനിമാഭിപ്രായം
*Er കെ.എൻ. രാമദാസ്*

**11** - *Page 32*
ഡിസംബർ 31 *(കവിത)*
*Er മഹേഷ് റ്റി.*

**12** - *Page 33*
*Letter by Association*

*"Condolences & prayers for the departed soul."*



Er Ravisankar M S
Deputy Cheif Engineer (Rtd.)
**Former President of KSEBEA**

## തീജ്വാല




# ഏഴഴക്

*Er* **എൻ.ടി. ജോബ്**
*ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (റിട്ട.)*
*ntjobthirur@gmail.com*

ഏഴു ദിവസം, ഏഴു ദിവസം, ഏഴു ദിവസം. ആരായാലും ഏഴു ദിവസം കൊണ്ട് തീരുമാനമെടുക്കണം. മാനദണ്ഡം വന്നിരിക്കുന്നു. ആരുടെയടുത്തായാലും ഏഴു ദിവസംകൊണ്ട് ഉത്തരം കണ്ടെത്തണം, ഇല്ലെങ്കിൽ അടുത്ത ലെവലിലേയ്ക്കു വിട്ടേക്കണം. ഇതനുസരിച്ചു കാര്യങ്ങൾ നടക്കുകയാണെങ്കിൽ വളരെ നല്ല കാര്യമാണ്, അവസാന ഘട്ടത്തിൽ എത്ര ദിവസമെന്ന് പറയുന്നില്ലെങ്കിലും ഏഴുദിവസമെന്ന് ഊഹിക്കുന്നതിൽ തെറ്റുണ്ടാവുമെന്നു തോന്നുന്നില്ല. അങ്ങനെയുള്ളപ്പോഴാണ് ഈയിടെ വന്ന പത്രവാർത്തകൾ ശ്രദ്ധ പിടിച്ചു പറ്റുന്നത്. കുറച്ചു ജല വൈദ്യുത പദ്ധതികൾ തുടങ്ങി വർഷങ്ങളേറെയായിട്ടും കമ്മീഷൻ ചെയ്യാതിരിക്കുന്നതിനെക്കുറിച്ചായിരുന്നു ആ വാർത്ത. ആ വാർത്തയിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ ഏഴുദിവസത്തിന്റെ ഉത്തരവ് ബാധകമാണോയെന്നും അറിയില്ല. വാർത്തയിൽ ഭൂതത്താൻകെട്ട്, തൊട്ടിയാർ, പള്ളിവാസൽ എക്സ്റ്റെൻഷൻ പദ്ധതികളെ കുറിച്ചാണ് പറഞ്ഞിരുന്നത്. ഇതിൽ തൊട്ടിയാർ, പള്ളിവാസൽ പദ്ധതികൾ ഒരു വർഷം കൊണ്ട് പൂർത്തിയാക്കുമെന്ന് ബഹു. വൈദ്യുതി വകുപ്പ് മന്ത്രി നവകേരള സദസ്സിന്റെ ഭാഗമായി പറഞ്ഞിരുന്നു. അപ്പോഴും ഭൂതത്താൻകെട്ട് പദ്ധതിയെക്കുറിച്ച് ഒന്നും പറഞ്ഞില്ല.പേരിലെ ഭൂതമാണോ കാരണമെന്ന് അറിയില്ല, ഏതെങ്കിലും ഭൂതം കെട്ടി വെച്ചിരിക്കുകയാണോയെന്നും അറിയില്ല. ഏതു ഭൂതമായാലും അത് കെ.എസ്.ഇ.ബി.യുടെ ഭാവിക്കു ദോഷംചെയ്യും.

ഭൂതത്താൻകെട്ട് പദ്ധതി ഇരുപതു വർഷമായി ഉരുണ്ടു നീങ്ങുകയാണ്. ഒമ്പതു വർഷം മുമ്പാണ് ഈ പദ്ധതിയുടെ ടെൻഡർ നൽകി പ്രവർത്തനങ്ങൾ തുടങ്ങിയത്. മുതിരപ്പുഴയിലുള്ള എല്ലാ പവർ ഹൗസുകളിൽ നിന്നും വെള്ളം എത്തുന്നത് ഇവിടേയ്ക്കായതുകൊണ്ട് വളരെ വലിയ അളവിലുള്ള ജല ലഭ്യത ഉണ്ട്. എന്നാൽ ഇവിടെ ഹെഡ് കുറവായതുകൊണ്ട് സാധാരണ ടർബൈനുകൾക്ക് പകരം ബൾബ് ടർബൈനുകളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. എട്ടു മെഗാവാട്ടിന്റെ മൂന്നു ടർബൈനുകൾ. ഒരു ടർബൈന് നൂറ്റി പത്തു ഘനമീറ്റർ വെള്ളം ഒരു സെക്കന്റിൽ ആവശ്യമുണ്ട്. ഇത്രയും അളവിൽ വെള്ളമെത്തുന്ന സ്ഥലങ്ങളിൽ ബൾബ് ടർബൈൻ ആലോചിക്കാവുന്നതാണ്. കുറെകൂടി ലളിതവൽക്കരിച്ച് ചിന്തിക്കുകയാണെങ്കിൽ വലിയ സിവിൽ കൺസ്ട്രക്ഷൻ സ്ട്രക്ച്ചറുകൾ ഇല്ലാതെ പറ്റുമോ എന്നു ചിന്തിക്കാവുന്നതാണ്. വെള്ളമൊഴുകുന്ന വഴിയിൽ ബൾബ്

ടർബൈനും കരഭാഗത്ത് കൺട്രോൾ റൂമും കൂളിംഗ് സിസ്റ്റത്തിനുള്ള സംവിധാനവും കോംപാക്ടായി സാധിക്കുകയാണെങ്കിൽ പല സ്ഥലങ്ങളിലും ഈ സാധ്യത പരിശോധിക്കാവുന്നതാണ്.

ഈ പദ്ധതി ഒമ്പതുവർഷം മുമ്പ് തുടങ്ങിയെങ്കിലും കമ്മീഷൻ ചെയ്യുവാൻ തടസ്സങ്ങൾ ഇനിയും ബാക്കിയാണ്. ഇതിനകം തന്നെ തൊണ്ണൂറ്റിയാറു ശതമാനം പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്. ചെലവും അത്രതന്നെ ആയിട്ടുണ്ട്. ഇരുന്നൂറ്റി പതിനാലു കോടിരൂപ ആകെ ചെലവു വരുന്ന പദ്ധതിയിൽ ഇരുന്നൂറു കോടി രൂപയും ചെലവാക്കിയിട്ടുണ്ട്. ഇനി ചെലവാക്കേണ്ടത് പതിനാലുകോടി രൂപ മാത്രമാണ്. എന്നാൽ രണ്ടു വർഷമായി പദ്ധതി നിലച്ചമട്ടാണ്. ചൈനീസ് കമ്പനിയുടെ സാധന സാമഗ്രികളായതുകൊണ്ട് കുറച്ചു സാധന സാമഗ്രികൾകൂടി ചൈനയിൽ നിന്നും എത്തണമെന്നുള്ളതാണ്കാര്യം. എത്താനുള്ളത് ചില്ലറ സാധനസാമഗ്രികളുമല്ല; ടർബൈനും ജനറേറ്ററുമാണ്. അതുകൂടി എത്തിയാൽ പദ്ധതി കമ്മീഷൻ ചെയ്യുവാൻ സാധിക്കും. സാമ്പത്തിക പ്രതിസന്ധിമൂലം നിലവിലുള്ള കരാറുകാരന് ഇതിനുള്ള തുക മുടക്കുവാൻ സാധിക്കാത്തതുകൊണ്ട്, ബോർഡ് തന്നെ നേരിട്ട് കമ്പനിക്കു പണം നൽകുന്ന തരത്തിൽ ഒരു കരാർ രൂപപ്പെടുത്തിയിട്ടുണ്ടായിരുന്നു. ഇത് രണ്ടുവർഷം മുമ്പത്തെ കാര്യം, അത് ഇപ്പോഴും അവിടെതന്നെ നിൽക്കുകയാണ്. ആ കരാറിൽ ചിലർ ആശങ്കകൾ പ്രകടിപ്പിച്ചതുകൊണ്ട് കരാർ പ്രാവർത്തികമാക്കാതെ കെട്ടിക്കിടക്കുകയാണ്. ഒരു വർഷം എൺപത്തിമൂന്നു മില്യൻ യൂണിറ്റ് വൈദ്യുതി ലഭിക്കുന്ന പദ്ധതിയായിട്ടുപോലും തീരുമാനമെടുക്കാതെ അഭിപ്രായങ്ങൾക്കുമീതെ അഭിപ്രായങ്ങൾ തേടികൊണ്ട് നടപ്പാക്കാതിരിക്കുവാനുള്ള എല്ലാതന്ത്രങ്ങളും പയറ്റുന്നുണ്ട്. ഒരു വർഷം ജനറേഷൻ സാധ്യമായാൽ, യൂണിറ്റിന് അഞ്ചുരൂപ കണക്കാക്കിയാൽ നാല്പതു കോടി രൂപയുടെ ഗുണമുണ്ടാകുന്ന പദ്ധതിക്കാണ് പതിനാലു കോടി രൂപ ചെലവാക്കുന്നതിന് ആലോചനയോട് ആലോചനയായി നടക്കുന്നത്. രണ്ടുവർഷം മുമ്പുള്ള തീരുമാനം നടപ്പിലാക്കിയിരുന്നുവെങ്കിൽ ഇതിനകം എൺപതുകോടി രൂപയുടെ ഗുണമുണ്ടാകുമായിരുന്നു. അതിലും വലുത് ആരുടെയൊക്കെയോ ഈഗോ പ്രശ്നങ്ങളാണെന്നു തോന്നുന്നു, ഏഴു ദിവസത്തിന്റെ ഉത്തരവ് ഇതിന് ബാധകമാക്കിയിരുന്നുവെങ്കിൽ എന്നാശിച്ചു പോകുന്നു. പക്ഷെ കാർന്നോന്മാർക്ക് എന്തും ആവാമെന്നുള്ളതുകൊണ്ട് ഉത്തരങ്ങൾ തേടിയുള്ള യാത്രകൾ തുടർന്നുകൊണ്ടേയിരിക്കും. ഭൂതത്താൻകെട്ടിലൂടെ വെള്ളമെത്ര ഒഴുകിപ്പോയാലും ടർബൈൻ കറങ്ങി കറന്റുണ്ടാക്കുന്നത് അടുത്തൊന്നും നടക്കുമെന്നു തോന്നുന്നില്ല.

തൊണ്ണൂറു ശതമാനത്തിലേറെ പ്രവർത്തനങ്ങൾ പൂർത്തിയായ രണ്ടു പദ്ധതികളാണ് തൊട്ടിയാർ പദ്ധതിയും, പള്ളിവാസൽ എക്സ്ടെൻഷൻ പദ്ധതിയും. രണ്ടുംകുടി നൂറു മെഗാവാട്ട് ശേഷിയുള്ള പദ്ധതികളാണ്. ഇതിന്റെ ഇതുവരെയുള്ള പ്രോഗ്രസ് ഇപ്രകാരമാണ്.

| Project | Capacity | M U | Progress | Total Cost |
|---|---|---|---|---|
| ഭൂതത്താൻകെട്ട് | 24MW | 83.5 | 94.06 | 214.31 കോടി |
| പള്ളിവാസൽ എക്സ്റ്റെൻഷൻ | 60MW | 153.9 | 94.06 | 462.14 കോടി |
| തൊട്ടിയാർ | 40MW | 99 | 96 | 235.88 കോടി |

ഈ മൂന്നു പദ്ധതികൾക്കും കൂടി ആകെയുള്ള അടങ്കൽ തുക തൊള്ളായിരത്തി പതിനേഴു കോടിരൂപയാണ്. അതിൽ എണ്ണൂറ്റി അറുപത്തിയേഴു കോടി രൂപ ഇതിനകം ചെലവാക്കി കഴിഞ്ഞു. ഇനി ചെലവാക്കേണ്ടത് അമ്പതുകോടി രൂപ മാത്രം. ഇത്രയും ചെലവാക്കിയാൽ ഒരു വർഷം മുപ്പത്തിമൂന്നു കോടി യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കുവാൻ സാധിക്കുമെന്നുണ്ടായിട്ടും ഈ പദ്ധതികൾ വൈകിപ്പിക്കുന്നതിൽ പവർ പർച്ചേസ് ലോബികളുടെ പിന്നാമ്പുറ നിയന്ത്രണങ്ങളുണ്ടോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. അല്ലെങ്കിൽ കമേഴ്സ്യൽ സ്ഥാപനമായ കെ.എസ്.ഇ.ബി. ഇത്തരത്തിൽ പദ്ധതികൾ മുടക്കിയിടുമെന്നു കരുതുന്നുമില്ല.

പള്ളിവാസൽ പദ്ധതിയിൽ തൊണ്ണൂറ്റിയെട്ടുശതമാനം സിവിൽ വർക്കുകളും കഴിഞ്ഞതാണ്. എഴുപതുശതമാനം ഇലക്ട്രിക്കൽ വർക്കുകളും കഴിഞ്ഞിട്ടുണ്ട്. തൊട്ടിയാർ പദ്ധതിയിലാണെങ്കിൽ തൊണ്ണൂറ്റിയൊന്നു ശതമാനം സിവിൽ വർക്കുകളും എഴുപത്തിയൊന്നു ശതമാനം ഇലക്ട്രിക് വർക്കുകളും തൊണ്ണൂറ്റിയാറു ശതമാനം മറ്റു വർക്കുകളും കഴിഞ്ഞിട്ടുള്ളതാണ്. എന്നിട്ടും എന്തേ ഈ പദ്ധതികൾ ഇഴയുന്നു എന്നുപോലും ചോദിക്കാനാവുന്നില്ല, കാരണം അനക്കമേ ഇല്ല.

ഇതുപോലെയുള്ള മറ്റു ചില പദ്ധതികളുടെയും പ്രോഗസ് പരിശോധിക്കുന്നത് നന്നായിരിക്കും.

| Project | Capacity | M U | progress | Total Cost |
|---|---|---|---|---|
| ശെങ്കുളം | - | 85 | 76.95 | 111.34 കോടി |
| പഴശിസാഗർ | 7.5 MW | 25.8 | 32.25 | 87.99 കോടി |
| ചിന്നാർ | 24 MW | 76.45 | 82.18 | 210.70കോടി |
| പെരുവണ്ണാമൂഴി | 6 MW | 24.7 | 67.6 | 87.29 കോടി |
| മാങ്കുളം | 40 MW | 82.08 | 6.74 | 750 കോടി |
| ഒളിക്കൽ | 5 MW | 10.26 | 22.19 | 46 കോടി |
| പൂവ്വാരംതോട് | 3 MW | 5.88 | 16.13 | 46 കോടി |

ഇതിൽ തന്നെ ശെങ്കുളം ഓഗ്മെന്റേഷൻ, ചിന്നാർ, പെരുവണ്ണാമൂഴി പദ്ധതികൾ അമ്പതു ശതമാനത്തിലേറെ പ്രോഗ്രസ് ആയിട്ടുള്ള പദ്ധതികളാണ്. ഈ മൂന്നു പദ്ധതികളിൽ നിന്നും ഓരോ വർഷവും നൂറ്റി എൺപത്താറു മില്യൻ യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കുവാൻ സാധിക്കുന്ന പദ്ധതികളാണ്. ഈ പദ്ധതികളൊക്കെ കമ്മീഷൻ ചെയ്താൽ കുറെയെറെ പവർ പർച്ചേസ് കുറയ്ക്കുവാൻ സാധിക്കും. അത്തരത്തിലുള്ള പ്രവർത്തനങ്ങളുണ്ടാവുമെന്ന് തന്നെ നമുക്ക് ആഗ്രഹിക്കാം. ഓരോ ജലവൈദ്യുത പദ്ധതിയും കമ്മീഷൻ ചെയ്തു കഴിഞ്ഞ് അമ്പതും അറുപതും വർഷം ഓടിക്കൊണ്ടിരിക്കുന്നുണ്ട്. ആദ്യത്തെ പത്തോ പന്ത്രണ്ടോ വർഷങ്ങൾകൊണ്ട് മുടക്കു മുതൽ തിരിച്ചു ലഭിക്കുന്ന പദ്ധതികളാണ് ജലവൈദ്യുത പദ്ധതികൾ. പ്രകൃതി കനിഞ്ഞു നൽകുന്ന ജലം ഉപയോഗിക്കണമെന്നുമാത്രം. ഇന്ധന ചെലവില്ലാത്തതുകൊണ്ട് എത്രകാലം ഓടിയാലും കാര്യമായ ചെലവുകളൊന്നും ജലവൈദ്യുത പദ്ധതികൾക്കാവുന്നില്ല എന്നതുകൊണ്ട് നമ്മൾ ഏറ്റവും അധികം പ്രോത്സാഹിപ്പിക്കേണ്ടത് ജലവൈദ്യുത പദ്ധതികളാണ്. ജനങ്ങളുടെ എതിർപ്പ് നേരിടുന്ന പദ്ധതികൾക്കു പിന്നാലെ പോകാതെ, എല്ലാ അനുമതികളും ലഭിച്ച് പദ്ധതി പ്രവർത്തനം ആരംഭിച്ച പദ്ധതികളുടെ കമ്മീഷനിംഗിലേക്കെത്തുവാൻ വേണ്ട വേഗതയാണ് നമുക്കാവശ്യം. അതിന് ഇപ്പോഴിറങ്ങിയിരിക്കുന്ന ഉത്തരവ് പ്രയോജനപ്പെടുമെങ്കിൽ ആ ഉത്തരവിന് ഏഴഴകല്ല അതിലേറെ അഴകുണ്ടാകും.

✵

# കേരളത്തിന്റെ വൈദ്യുതി ആവശ്യകതയും അത് നിറവേറ്റുന്നതിന്റെ പേരിൽ ഏർപ്പെട്ട ദീർഘകാല DBFOO (Design Build Finance Own & Operate) വൈദ്യുതിക്കരാറുകളും അവയുടെ പിന്നാമ്പുറക്കാഴ്ചകളും. (തുടർച്ച)



***Er സി.പി. ജോർജ്***
*ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (റിട്ട.)*

**ജല വിഭവങ്ങളുടെ കാര്യക്ഷമമായ വിനിയോഗവും DBFOO കരാർ പ്രകാരമുള്ള അധിക വൈദ്യുതിയും**

കാലവർഷത്തിന്റെ വരവിന് മുൻപ് കേരളത്തിലെ പ്രധാന ഡാമുകളിൽ ജലവർഷത്തിന്റെ അവസാന ദിവസമായ മെയ് 31 ന് ശേഖരിച്ച് നിറുത്തേണ്ട വെള്ളത്തിന്റെ അളവ് സെൻട്രൽ വാട്ടർ കമ്മീഷൻ അംഗീകരിച്ച റൂൾ കേർവ് (RULE CURVE) പ്രകാരം 500 ദശലക്ഷം യൂണിറ്റിൽ താഴെ വൈദ്യുതി ഉൽപാദിപ്പിക്കാൻ ആവശ്യമായ വെള്ളമാണ്.

സ്വകാര്യ ഉൽപാദകരുമായി വച്ച DBFOO കരാറിലൂടെ കൂടിയ വിലയുള്ള വൈദ്യുതി ഉപയോഗിക്കുന്നതിന് നിർബന്ധിക്കപ്പെട്ടതിന്റെ ഫലമായി സ്വന്തം ജല വൈദ്യുത പദ്ധതികൾ ജല ലഭ്യതക്കനുസരിച്ച് പ്രവർത്തിപ്പിക്കാനാവാതെ ജലവർഷത്തിന്റെ അവസാന ദിവസമായ മെയ്-31 ന് റിസർവോയറുകളിൽ അംഗീകരിക്കപ്പെട്ട "Rule Curve" പ്രകാരം നിലനിർത്തേണ്ടതിലും അധികം (ആയിരക്കണക്കിന് ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉൽപാദിപ്പിക്കാൻ ആവശ്യമായ ജലം സംഭരിച്ചുനിറുത്തി മഴക്കാലത്ത് ഡാം നിറഞ്ഞ് അധികജലം പാഴാക്കി കളയേണ്ട സ്ഥിതി വിശേഷം ഉണ്ടായതായി വിവിധ വർഷങ്ങളിലെ താഴെക്കാണിക്കുന്ന കണക്കുകൾ സൂചിപ്പിക്കുന്നു.

| Year | Gross Storage as on 31st May (in Million Units) |
|---|---|
| 2017 | 501.40 MU |
| 2018 | 984.30 MU |
| 2019 | 653.60 MU |
| 2020 | 1093.30 MU |
| 2021 | 1483.40 MU |
| 2022 | 1364.50 MU |
| 2023 | 863.87 MU |

(ഡാറ്റ SLDCയുടെ വെബ് സൈറ്റിൽ നിന്നും ശേഖരിച്ചത്)

DBFOO കരാർ പ്രകാരം വൈദ്യുതി ലഭിക്കാൻ തുടങ്ങിയതിന് ശേഷം ശരാശരി നോർമൽ മൺസൂൺ ഉള്ള വർഷങ്ങളിൽ മെയ് 31 ന് RULE CURVE പ്രകാരമുള്ള ലെവലിലേക്ക് റിസർവോയറിലെ ജലനിരപ്പ് കൊണ്ടുവരാനാവുന്നില്ല എന്നതും ഇവിടെ ശ്രദ്ധിക്കുക.

**കാര്യക്ഷമമായ വൈദ്യുത ഗ്രിഡ് മാനേജ്മെന്റും DBFOO കരാറും അധിക ബാദ്ധ്യതകളും**

വൈദ്യുതിയുടെ സമയ നിഷ്ഠമായ ആവശ്യകതയെ സംബന്ധിച്ച കൃത്യമായ പഠനങ്ങൾ നടത്താതെയും കേന്ദ്രസർക്കാരും KSERCയും നിഷ്കർഷിച്ചിരിക്കുന്ന നടപടിക്രമങ്ങളും ടെണ്ടർ നടപടിക്രമങ്ങളും പാലിക്കാതെയും ബന്ധപ്പെട്ട ഭരണഘടനാ സ്ഥാപനങ്ങളുടെ അംഗീകാരങ്ങൾ നേടാതെയും തിടുക്ക

ത്തിൽ DBFOO ദീർഘകാല കരാർ വച്ചതിന് ശേഷം പകൽ സമയങ്ങളിലും രാത്രിയിലെ ഓഫ്-പീക് സമയങ്ങളിലും, ഏർപ്പെട്ട ദീർഘകാലക്കരാർ പ്രകാരം ഗ്രിഡിന്റെ അവശ്യകതയിലും അധികം ലഭ്യമാകുന്ന വൈദ്യുതിയും അവ യുടെ മാനേജ് മെന്റും വൈദ്യുത ശൃംഖലയുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് വലിയ ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നുണ്ട്. അധിക വൈദ്യുതി വലിയ അളവിൽ തിരിച്ചു കൊടുക്കേണ്ടി വരുന്നതു കാരണം പ്രതിവർഷം ആയിരക്കണക്കിന് കോടി രൂപയുടെ അധിക ബാദ്ധ്യത KSEBL എന്ന വിതരണ കമ്പനി യുടെ യും പ്രസ്തുത വിതരണ യൂട്ടിലിറ്റിയുടെ ഉപഭോക്താക്കളുടെയും തലയിൽ വന്നിട്ടുണ്ട് എന്നത് വസ്തുതയാണ്.

24 മണിക്കൂർ ഉള്ള ഒരു ദിവസത്തിൽ വൈകിട്ട് 6.30 മുതൽ രാത്രി 10. 30 വരെയുള്ള 4 മണിക്കൂർ മാത്രമാണ് യൂണിറ്റിന് 4.29 രൂപ എന്ന വൈദ്യുതി നിരക്കിന് ന്യായീകരണം ഉള്ളത്. ബാക്കിയുള്ള 20 മണിക്കൂറും പ്രസ്തുത നിരക്കിലും കുറഞ്ഞ നിരക്കിൽ വിപണിയിൽ വൈദ്യുതി ലഭ്യമായിരുന്നു; ഇപ്പോഴും ലഭ്യ മാണ്!

ലോകത്തെയും രാജ്യത്തെയും വൈദ്യുത മേഖലയുടെ മുന്നോട്ടുള്ള ഗതി നിരീക്ഷിച്ചാൽ സോളാർ-കാറ്റാടി വൈദ്യുതി സ്രോതസ്സു കളുടെ ശേഖരണത്തിലുണ്ടാകാവുന്ന സാങ്കേതിക മികവുകളും മറ്റ് ഊർജ്ജ വിഭവങ്ങളുടെ ലഭ്യതയിൽ ഉണ്ടാകാവുന്ന സാങ്കേതിക കുതിച്ചു ചാട്ടങ്ങളും വൈദ്യുത ശൃംഖലയുടെ നിർമാണത്തിലും പരിപാലന ത്തിലും ഉണ്ടായിക്കൊണ്ടി രിക്കുന്ന മാറ്റങ്ങളും സ്മാർട്ട് മീറ്റർ, സ്മാർട്ട് ഗ്രിഡ് തുടങ്ങിയ നൂതന സാങ്കേതിക മാർഗ്ഗങ്ങളും കൂടുതൽ കാര്യക്ഷ മമായ വൈദ്യുത മേഖലയിലേക്ക് വിരൽ ചൂണ്ടുമ്പോൾ ഭാവിയിൽ വൈദ്യുതി യുടെ വില കുറയാനാണ് സാദ്ധ്യത എന്നതും ഇവിടെ കണക്കിലെടുക്കേണ്ടതുണ്ട്.

കഴിഞ്ഞ ഏതാനും വർഷങ്ങളിലെ വൈദ്യുതിയുടെ ശരാശരി വിപണി നിരക്ക് (യൂണിറ്റിന്) രൂപയിൽ താഴെ കാണിച്ചിരിക്കുന്നു.

| FY | Daily Average (Annual Average Rate) | Peak (18-23 hrs) (Annual Average Rate) | Day (08-18 hrs) (Annual Average Rate) | Night (23-06 hrs) (Annual Average Rate) |
|---|---|---|---|---|
| 2016-17 | 2.92 | 3.18 | 3.10 | 2.26 |
| 2017-18 | 3.32 | 3.97 | 3.33 | 2.74 |
| 2018-19 | 3.97 | 4.96 | 3.72 | 3.37 |
| 2019-20 | 3.03 | 3.62 | 2.83 | 2.77 |
| 2020-21 | 2.83 | 3.16 | 2.79 | 2.44 |
| 2021-22 | 4.04 | 5.78 | 3.60 | 3.86 |
| 2022-23 | 5.94 | 7.73 | 4.79 | 5.44 |

(ഡാറ്റ IEX - Indian Energy Exchange വെബ് സൈറ്റിൽ നിന്ന്)

ചുരുക്കത്തിൽ പറഞ്ഞാൽ DBFOO കരാർ വഴി വൈദ്യുതി സ്വീകരിച്ച നാൾ മുതൽ കേരളത്തിലെ ഉപഭോക്താക്കളുടെ തലയിൽ അന്യായമായ ബാദ്ധ്യത കെട്ടിവയ്ക്കപ്പെടുന്നു എന്നത് വസ്തുതയാണ്. കരാർ വച്ച നാൾ മുതൽ സ്വീകരിച്ച വൈദ്യുതി, വിപണിയിലെ പീക്ക് സമയത്തെ വിലയുമായി പോലും competitive ആയത് 2021-22 മുതലാണ്.

അത് കോവിഡിന് ശേഷമുണ്ടായ കൽക്കരി ക്ഷാമത്തിന്റെയും വ്യവസായ വളർച്ചയുടെയും താൽക്കാലിക പ്രതിഭാസം മാത്രമെന്നത് വൈദ്യുത വിപണിയെ പഠിക്കുന്ന വർക്ക് മനസ്സിലാവും.

ഒരു വർഷത്തിലെ പീക്ക് സമയത്ത് ഏതാനും മണിക്കൂറുകളിൽ വരുന്ന നാലായിരത്തിലധികം മെഗാവാട്ട് വൈദ്യുതിയുടെ ആവശ്യകതയെ നേരിടുന്നതിന് ആയിരക്കണക്കിന് മെഗാവാട്ട് വൈദ്യുതിയുടെ ദീർഘകാല കരാറുകൾ പരമാവധി കാലയളവിൽ വച്ച് ആയിരക്കണക്കിന് കോടി രൂപയുടെ അധിക ബാദ്ധ്യത ആവശ്യകതയിലും അധികം വരുന്ന വൈദ്യുതിയുടെ തിരിച്ചു കൊടുക്കലിലൂടെ ഏറ്റെടുക്കുന്നതിന് പകരം കേന്ദ്രസർക്കാരും നീതി ആയോഗും ശിപാർശ ചെയ്യുന്ന രീതിയിൽ വിവിധ വൈദ്യുതി വാങ്ങൽ മാർഗങ്ങളായ ഹ്രസ്വകാലക്കരാറുകളും ഇലക്ട്രിസിറ്റി എക്സ്ചേഞ്ച് വഴിസുതാര്യമായി നട ക്കുന്ന Day ahead, Term ahead തുടങ്ങിയ മാർഗ ങ്ങളും കാര്യക്ഷമമായി പ്രയോജനപ്പെടുത്തിയും ശൃംഖലാ മാനേജ്മെന്റും Demand response മാർഗങ്ങളും കാലാനുസൃതങ്ങളായ സാങ്കേതിക മാർഗങ്ങൾ ഉപയോഗിച്ചും കാലാനുസൃതമായും സമയാനു സൃതമായും ഉണ്ടാകുന്ന ആവശ്യകതക്കനുസരിച്ച് വൈദ്യുതി വാങ്ങുന്നതിലാണ് കാര്യമിരിക്കുന്നത്. അങ്ങനെയാണ് ഗ്രിഡ് മാനേജ്മെൻറിൽ കാര്യ ക്ഷമത സാധ്യമാകുന്നത്. അതു ചെയ്യാനാണ് കാര്യപ്രാപ്തിയും അനുഭവജ്ഞാനവും ഉള്ള എഞ്ചിനീയർ മാരെ താക്കോൽ സ്ഥാനങ്ങളിൽ നിയമിക്കേണ്ടത്.

അല്ലാതെ രാഷ്ട്രീയവും സംഘടനയും അനുസരണവും അടിമത്തവും നോക്കി ഇത്തരം താക്കോൽ സ്ഥാനങ്ങളിൽ എഞ്ചിനീയർമാരെ നിയമിച്ചാൽ കമ്മീഷനും മാസപ്പടിയും മാത്രമേ ഉറപ്പാക്കുകയുള്ളൂ.

ഉപഭോക്താക്കൾ ആയിരക്കണക്കിന് കോടി രൂപയുടെ അധിക ബാദ്ധ്യത ചുമക്കേണ്ടി വരും, തീർച്ച!

നിലവിലെ വൈദ്യുതി വാങ്ങൽ കരാറുകൾ പലതും കേരളത്തിന്റെ സമയനിഷ്ഠവും കാലാനിഷ്ഠവുമായ വൈദ്യുതി ആവശ്യകതയുമായി പൊരുത്തപ്പെടാത്തതും ആശാസ്ത്രീയവും സ്ഥാപനത്തിനും ഉപഭോക്താക്കൾക്കും വലിയ സാമ്പത്തിക ബാധ്യത ഉളവാക്കുന്നതുമാണ്. അത്തരം കരാറുകൾ ഒഴിവാക്കി കേരളത്തിന്റെ സമയനിഷ്ഠവും കാലാനിഷ്ഠവുമായ വൈദ്യുത ആവശ്യകതയുമായി കൂടുതൽ ചേർന്ന് പോകുന്ന വൈദ്യുതി വാങ്ങൽ രീതികളിലേക്കും കരാറുകളിലേക്കും മാറാനുള്ള വലിയ സാദ്ധ്യതകളാണ് DBFOO കരാർ റദ്ദാക്കപ്പെട്ടത്തിലൂടെ കേരളത്തിനും KSEBL എന്ന സ്ഥാപനത്തിനും കൈവന്നത്. എന്നാൽ പ്രസ്തുത അവസരം സ്ഥാപനത്തിന്റെയും ഉപഭോക്താക്കളുടെയും കേരളത്തിന്റെയും താല്പര്യങ്ങൾക്കനുസരിച്ച് ഉപയോഗിക്കുന്നതിന് പകരം സ്വകാര്യ വൈദ്യുതി ഉല്പാദകരുടെ താല്പര്യങ്ങൾക്കും സ്വാർഥ താല്പര്യങ്ങൾക്കും വേണ്ടി ഇവിടത്തെ രാഷ്ട്രീയ-സംഘടനാ പ്രസ്ഥാന ങ്ങളുടെ അവിശുദ്ധ കൂട്ടുകെട്ട് ഉണർന്നു പ്രവർത്തിക്കുന്നതാണ് കാണുന്നത്!

ചുരുക്കിപ്പറഞ്ഞാൽ കേരളത്തിന്റെ വൈദ്യുതി ശൃംഖലയെ ഏറ്റവും കാര്യക്ഷമമായും സുരക്ഷിതമായും പ്രവർത്തിപ്പിച്ച് ഉപഭോക്താ ക്കൾക്ക് ന്യായമായ വിലയ്ക്ക് വൈദ്യുതി എത്തിക്കാനും കേരളത്തിന്റെയും ഉപഭോക്താക്കളുടെയും KSEBL എന്ന സ്ഥാപനത്തിന്റെയും താല്പര്യങ്ങൾ സംരക്ഷിക്കാനും ഭാരമേല്പിക്കപ്പെട്ടവർ സ്വാർഥ താല്പര്യങ്ങൾ മുൻ നിർത്തിയും ഏറ്റവും ഉദാസീനമായി ശൃംഖലയെ പ്രവർത്തിപ്പിക്കാൻ വേണ്ട സാഹചര്യങ്ങൾ ഒരുക്കുന്നതിനും അധിക ബാധ്യതകൾ പരിഗണിക്കാതെ വലിയ തോതിലുള്ള ദീർഘകാല വൈദ്യുതി വാങ്ങൽ കരാറുകൾക്ക് കൂട്ടുനിൽക്കുകയും വലിയ ബാദ്ധ്യത വരുത്തിവയ്ക്കുകയും ചെയ്യുകയും ഇപ്പോഴും ചെയ്തു കൊണ്ടിരി ക്കുകയും ചെയ്യുന്നു!

✵

സുഭാഷിതം

# നന്മയുടെ ഫലം



*Er* കെ. ശശിധരൻ (റിട്ട.)
കണ്ണൂർ

നന്മയുടെ ഫലം അത് ചെയ്യുന്നവരെ പിന്തുടർന്നു കൊണ്ടേയിരിക്കും. ഒരു പാവം പയ്യൻ... ദിവസവും രാവിലെ സ്കൂളിൽ പോകുന്നതിനിടയിൽ വീട്ടാവശ്യത്തിനുള്ള ചെറിയ ചെറിയ സാധനങ്ങൾ സഞ്ചിയിൽ നിറച്ച് കൊണ്ടു പോകും. ഓരോ വീട്ടിലും കയറി ആവശ്യക്കാർക്ക് സാധനങ്ങൾ വില്പന നടത്തുക പതിവായിരുന്നു. ഒരു ദിവസം പതിവുപോലെ സാധനങ്ങൾ വിറ്റുകൊണ്ട് സ്കൂളിലേക്ക് പോവുകയായിരുന്നു. അവന് നന്നായി വിശക്കുന്നുണ്ട്; അടുത്തുകാണുന്ന വീട്ടിൽ കയറി ഒരു ഗ്ലാസ് വെള്ളം ആവശ്യപ്പെടുന്നു.

പാവത്തിനു നന്നായി വിശക്കുന്നുണ്ടെന്ന് തോന്നുന്നു എന്ന് വീട്ടമ്മ ചിന്തിച്ചു. ഒരു വലിയ ഗ്ലാസ് പാൽ അവർ കൊണ്ടുവന്ന് കൊടുത്തു. വളരെ സന്തോഷത്തോടെ അവൻ പാൽ സാവകാശം കുടിച്ചു. ഇതിന് ഞാൻ എന്താണ് തരേണ്ടത് ?

"നീ ഒന്നും തരേണ്ട... കാരുണ്യത്തിന് കാശ് വാങ്ങരുതെന്ന് ഞങ്ങളെ അമ്മ പഠിപ്പിച്ചിട്ടുണ്ട്".

കാലം കടന്നുപോയി....

ഒരു സ്ത്രീ കഠിനമായ അസുഖവുമായി ആശുപത്രിയിലെത്തുന്നു. രോഗിയെ അത്യാഹിത വിഭാഗത്തിൽ കിടത്തി, ഡോക്ടറെ വിളിച്ചു. ഡോക്ടർ രോഗിയുടെ വിലാസം ശ്രദ്ധിച്ചു. സ്ഥലപ്പേര് കണ്ടപ്പോൾ ആകാംക്ഷ.

ഓപ്പറേഷൻ തിയറ്ററിലേക്കോടി, രോഗിയെ കണ്ടു. ആകാംക്ഷ വേവലാതിയായി, രോഗിയെ പരിശോധിച്ചു. രോഗം വളരെ ഗുരുതരാവസ്ഥയിലുള്ളതാണ്. ഡോക്ടർ അറിഞ്ഞു കൊണ്ട് പ്രാർത്ഥിച്ചു. ദൈവമേ രോഗിക്ക് ഒരാപത്തും വരുത്തല്ലേ... സുഖമായി രോഗി എന്റെ മുന്നിൽനിന്നും വീട്ടിലേക്ക് തിരിച്ചു പോകുന്നതു കാണാൻ എനിക്ക് സാധിക്കുമാറാകണേ... !!!

തന്റെ അറിവിന്റെ അവസാനത്തെ ആയുധവും പുറത്തെടുത്ത് ഡോക്ടർ രോഗിയെ രക്ഷപ്പെടുത്താൻ ശ്രമിച്ചു. ദീർഘമായ പോരാട്ടത്തിനൊടുവിൽ വിജയം കൈവരിച്ചു...

ഡോക്ടർ ഓഫീസിലേക്ക് വിളിച്ച് രോഗിയുടെ ബില്ല് കൊടുത്തയക്കാൻ ആവശ്യപ്പെട്ടു. ഡോക്ടർ ബില്ല് വാങ്ങി, അതിലെന്തോ കുറിപ്പെഴുതി രോഗിക്ക് കൊടുക്കാൻ ഏർപ്പാട് ചെയ്തു. ബില്ല് കയ്യിൽ കിട്ടിയ രോഗി അത് തുറക്കാൻ ഭയപ്പെട്ടു. കാരണം ഇത്രയും ഗുരുതരമായ ചികിത്സാ ചെലവിന്റെ ബില്ല് അടയ്ക്കുവാൻ തന്നെക്കൊണ്ട് ആകുമോ... ?

ഒടുവിൽ അവർ ആ ബില്ല് തുറന്നു. അത്ഭുതം കൊണ്ട് കണ്ണടഞ്ഞു; കണ്ണ് തുറന്ന് ഒന്നുകൂടി ബില്ല് നോക്കി...

അതിൽ പേനകൊണ്ട് എഴുതിയ വാക്കുകൾ അവർ വായിച്ചു...

ഒരു ഗ്ലാസ് പാലിന്റെ വിലയായി ഈ ബിൽ മുഴുവൻ അടച്ചിരിക്കുന്നു.

നന്മയുടെ ഫലം ആ വീട്ടമ്മയ്ക്ക് ജീവിച്ചിരിക്കുമ്പോൾ തന്നെ അനുഭവിക്കാൻ സാധിച്ചു... എന്നാൽ നന്മയുടെ ഫലം അത് ചെയ്തവരുടെ കാലശേഷവും ഓർമകളിലൂടെ ജീവിക്കുമെന്ന് ഗാന്ധിജി സാക്ഷ്യപ്പെടുത്തുന്നു.

1948 ജനുവരി 30; പതിവിലും നേരത്തെ ഗാന്ധിജിയുടെ മുറിയിൽ വെളിച്ചം തെളിഞ്ഞു, ചെയ്തു തീർക്കാനുള്ള ജോലിയിൽ വ്യാപൃതനായി. മറുപടി അയക്കേണ്ട കത്തുകളെ

ടുത്തു, അതിൽ മകൾ മരിച്ച ഒരച്ഛന്റെ എഴുത്തെ ടുത്ത് മറുപടി എഴുതി....


മകൾ മരിച്ച ദുഃഖവുമായി കഴിയുന്ന ശങ്കർജിക്ക്... മകൾ സുലോചന കഥാവശേഷയായ കാര്യം അറിഞ്ഞു. മരണത്തിനു മുമ്പിൽ നാം നിസ്സഹായവർ. എന്നാൽ അതോർത്ത് ദുഃഖിക്കുന്നത് വെറുതെ. മരണം മൂലം നമുക്ക് നഷ്ടപ്പെടുന്നത് മരിച്ചവരുടെ ജഡം മാത്രം. ആത്മാവും ചൈതന്യവും നമ്മോടൊപ്പം. നിങ്ങളുടെ മകൾ നിങ്ങൾക്കായി വിട്ടുപോയിരിക്കുന്നത് അവളുടെ നന്മകൾ. നന്മകളെക്കുറിച്ചുള്ള ആ ഓർമ്മ നിങ്ങളുടെ മനസ്സിന് ഉണർവ് നൽകുമാറാകട്ടെ !

അന്ത്യ ദിനത്തിൽ ഗാന്ധിജി എഴുതിയ ഈ എഴുത്ത് ഭാരത ജനതയെ നന്മയുടെ പാതയിലേക്ക് നയിക്കാനായിരുന്നില്ലെ.... !

അന്ത്യ കർമ്മങ്ങൾക്കിടയിൽ ജനങ്ങൾ അന്യോന്യം ചോദിച്ചു; നമ്മെ ഇനി ആരാണ് നയിക്കുക....?

'നാം ഇപ്പോഴാരെയാണോ വധിച്ചത്.... അയാൾ...!' രവീന്ദ്രനാഥ ടാഗോറിന്റെ വാക്കുകൾ... നന്മ മാത്രം കായ്ക്കുന്ന വനന്മരത്തെ നിഷ്കരുണം വെട്ടി നശിപ്പിച്ചു. ഇനി കരഞ്ഞിരുന്നിട്ട് കാര്യമില്ല. ആ നന്മകൾ നാം ഓർത്തു കൊണ്ടേയിരിക്കുക. അവ നമ്മെ നയിക്കുമാറാകട്ടെ... ✵

---




## ഊണ് കഴിക്കൽ - Modus Operandi ചിന്തകൾ



*Er* **ഹരികുമാർ ബി.**
*എക്സിക്യൂട്ടീവ് എഞ്ചിനീയർ*

കാലം:1996, സ്ഥലം: ടെക്നോപാർക്ക് കാന്റീൻ, തിരുവനന്തപുരം
അന്നത്തെ കാലത്ത്, ഡാറ്റാ ട്രാൻസ്ക്രിപ്ഷൻ കമ്പനിയിലെ ''സ്ഥിരം സാരിയുടുക്കുന്ന സുന്ദരി'' കാന്റീനിൽ ഊണ്, സ്പൂൺ ഉപയോഗിച്ച് മാത്രമേ കഴിക്കാറുള്ളൂ. ഒരിക്കൽ, ലഞ്ച് ടൈമിൽ ഈ സുന്ദരി, ഞങ്ങൾ ടീമിന്റെ എതിരെയുള്ള ഡൈനിംഗ് ടേബിളിലിരുന്ന്, പതിവുപോലെ, ചോറിന്റെ മുകളിൽ പപ്പടം പൊടിച്ചിട്ട്,താളാത്മകമായി സ്പൂൺ ഉപയോഗിച്ച് ആഹരിക്കുന്നത് കണ്ടപ്പോൾ ഞങ്ങൾ, രാവണന്മാർ, ഞങ്ങളുടെ ചോറിന് മുകളിലേക്ക് സാമ്പാർ തട്ടി, കുഴച്ചളിച്ചിട്ട്, ആന വാ പൊളിക്കുന്നത് പോലെ വാ പൊളിച്ച് ശബ്ദമുണ്ടാക്കി, കഴിക്കുവാൻ തുടങ്ങി. കാന്റീനിലുണ്ടായിരുന്നവരെല്ലാം ഞങ്ങളെ നോക്കി ചിരിക്കാൻ തുടങ്ങി (അവർക്കെല്ലാം കാര്യം പിടികിട്ടി). സുന്ദരി, ഞങ്ങളെ നോക്കി മുഖം കോട്ടി ('പർപസ് സെർവ്ഡ്' എന്ന ചാരിതാർത്ഥ്യത്തിൽ ഞങ്ങളും).

കാലം : 2015, സ്ഥലം: ദോഹ, ഖത്തർ നാഷണൽ ലൈബ്രറി മന്ദിരം നിർമ്മാണ സ്ഥലം, ക്യാമ്പ് ഓഫീസ് - ലഞ്ച് ബ്രേക്ക് നുമ്മ ഏകനായി, ക്യാമ്പിൽ വിൽക്കപ്പെടുന്ന പൊതിച്ചോറ് വാങ്ങി, തുറന്ന് കൈകൊണ്ട് ആഹരിക്കുന്നതിനിടയിൽ മെയിൻ കോൺട്രാക്ടറുടെ, അയർലൻഡ്കാരനായ കൺസ്ട്രക്ഷൻ മാനേജർ അങ്ങോട്ട് വന്നു, ഊണ് കുഴച്ച് കഴിക്കുന്ന നുമ്മെ കണ്ടിട്ട് ഓൻ (മുഖം ചുളിച്ച്) 'നിങ്ങൾക്കൊരു സ്പൂൺ ഉപയോഗിച്ചുകൂടേ'; ഞാൻ -'എന്തിന്, കൈകൊണ്ട് തൊടാൻ പറ്റാത്ത ഒരു ഭക്ഷണവും നോം കഴിയ്ക്കില്ലെടാ സായിപ്പേ' സായിപ്പ് (ഇവനോട് പറഞ്ഞിട്ട് കാര്യമില്ലെന്ന അർത്ഥത്തിൽ) 'ഓകെ മാൻ, നിന്റെ ഭക്ഷണം, നിന്റെ കൈ...' എന്തായാലും അന്ന് മുതൽ നുമ്മൾ, പൊതുസ്ഥലങ്ങളിൽ വച്ച് , കഴിവതും ചോറ് സ്പൂൺ ഉപയോഗിച്ച് കഴിക്കാൻ തുടങ്ങി. കാണുന്നവർക്ക് അസ്കിത ഉണ്ടാവേണ്ട. പിന്നെ, ചോറുണ്ടിട്ട് കൈ കഴുകേണ്ടല്ലോയെന്ന ബോണസ്സുമുണ്ടല്ലോ :)

*വാൽക്കഷണം: അന്നത്തെ ടെക്നോപാർക്ക് സുന്ദരിയിപ്പോൾ ഓസ്ട്രേലിയയിലെങ്ങാണ്ടാണ്. പിൽക്കാലത്താണെങ്കിലും നുമ്മ കണ്ണു തുറപ്പിച്ച മോഹന വല്ലീ ഉനക്ക് എൻ വക ഫ്ളയിംഗ് കിസ്സ് :) (എസ്.കെ. പൊറ്റെക്കാടിന് കടപ്പാട് :)* ✵

## നാടുനന്നാകാൻ - 22

# കാൻസർ ദ ഗ്രേറ്റ് ?



*Er ഇ.എം. നസീർ*
*എക്സിക്യൂട്ടീവ് എഞ്ചിനീയർ (റിട്ട.)*

**ലോ**കത്തിന്റെ എല്ലാ ഭാഗത്തും ഭീതി വിതച്ചു വ്യാപകമായിക്കൊണ്ടിരിക്കുന്ന മാരക രോഗമാണ് കാൻസർ. ആർക്ക് എപ്പോൾ ഇത് ബാധിക്കുമെന്ന് പറയാനാകില്ല. ജീവിത ശൈലിയിലെ അപാകതകളാണ് രോഗകാരണമെന്ന് പറയുന്നുണ്ടെങ്കിലും വ്യക്തത കൈവരിച്ചിട്ടില്ല. പ്രകൃതിയുടെ നിഗൂഢതകളെക്കുറിച്ച് വ്യാപകമായ അറിവ് ലഭിച്ചിട്ടില്ല. എങ്കിലും മൂല്യച്യുതി, കർമ്മഫലമെന്ന രീതിയിൽ മാരകരോഗങ്ങളായി മനുഷ്യരിലെത്തുന്നതാണെന്ന ഒരു നിഗമനം ദൈവ വിശ്വാസികളുടെ ഇടയിലുണ്ട്. Newton's Second law പ്രകാരമുള്ള, പ്രകൃതിയുടെ പ്രതിപ്രവർത്തനത്തിൽപ്പെട്ടതാണ് ഇത്തരം രോഗങ്ങളെന്ന് വിശ്വസിക്കുന്നവരുമുണ്ട്.

ഉദ്ദേശം അൻപതുകൊല്ലം മുമ്പുവരെ അർബുദം എന്നത് ഒരു അപൂർവ്വ രോഗമായിരുന്നു. ഇപ്പോഴാകട്ടെ ഈ രോഗം കടന്നുചെല്ലാത്ത കുടുംബങ്ങൾ വളരെക്കുറച്ചെയുള്ളു. മനുഷ്യരുടെ ചെയ്തികളിൽ പ്രകൃതി പ്രതികരിച്ചുകൊണ്ടേയിരിക്കുമെന്ന കാര്യത്തിൽ സംശയമില്ല. സന്തുലിതാവസ്ഥ നിലനിറുത്തൽ പ്രക്രിയയുടെ ഭാഗമാണത്. ദുരന്തങ്ങളും മാരക രോഗങ്ങളും അങ്ങനെ സംഭവിക്കുന്നതായാണ് പൊതുധാരണ.

രോഗങ്ങളും മരണവും ഏവർക്കും ഒരുപോലെ ബാധകമാണ്. അർബുദരോഗബാധയുണ്ടാകുന്നവർക്ക് പൂർവ്വകാല ദ്രോഹപ്രവൃത്തികളിൽ (അങ്ങനെ ചെയിതിട്ടുണ്ടെങ്കിൽ) പശ്ചാത്തപിക്കാൻ നല്ലൊരവസരമാണ് ലഭിക്കുക. എത്ര അഹങ്കാരം നിറഞ്ഞവരാണെങ്കിലും വേദനയും ദുരിതങ്ങളും അവരെ ആ നിലയിലെത്തിക്കും. ഇത്തരം വേദന നിറഞ്ഞ ഈ രോഗം, രോഗികളുടെയോ അവരുടെ മുൻഗാമികളുടെയോ ദുഷ്കർമ്മങ്ങളുടെ ഫലമാണെന്ന് വിശ്വസിക്കുന്നവരും അത്തരം കർമ്മഫലങ്ങൾ ആവശ്യമാണെന്ന് ആഗ്രഹിക്കുന്നവരും വളരെയെറെയാണ്. അതേ സമയം, ശത്രുക്കൾക്കു പോലും ഈ രോഗം ഉണ്ടാകരുതേയെന്നു പ്രാർത്ഥിക്കുന്നവരുമുണ്ട്.

സമൂഹത്തിൽ സഹിഷ്ണുതയെന്നത് അന്യമായിവരുന്നു. കാൻസറിനെക്കാൾ മാരകമായി വിഭാഗീയതയും വിദ്വേഷവും തമ്മിലടിയും നാൾക്കുനാൾ വർദ്ധിക്കുന്നു. സമാന്തരമായി കാൻസർ രോഗവും വ്യാപകമാകുന്നു. പുതിയ ഔഷധങ്ങൾക്കും ചികിത്സാരീതികൾക്കും ഫലപ്രദമായ ഗുണംകിട്ടാതെ രോഗം പുതിയ ഭാവങ്ങളിൽ, കൂടിയ സങ്കീർണതകളിൽ പ്രത്യക്ഷപ്പെടുന്നു. എത്രയും പെട്ടെന്ന് ഈ മാരകരോഗം ഭൂമിയിൽ ഇല്ലാതാകുമെന്ന് പ്രതീക്ഷിക്കാം.

കുട്ടികളുടെ മനസ്സിൽ വിദ്വേഷ വിഷം തള്ളിക്കയറ്റാതെ, അവരെ വിദ്യാഭ്യാസത്തിന്റെ ഭാഗമായി കാൻസർപോലുള്ള മാരക രോഗങ്ങൾക്ക് ചികിത്സ നൽകുന്ന ആശുപത്രി

# GREATNESS OF NUMBER SEVEN (7)

*Er Thomas Kolanjikombil*
Maramon.

The dictionary define '7' as the cardinal number between 6 & 8. It is a prime number. A prime number is a positive integer that can be divided by itself and 1. It is the only prime number preceeding a cube. These qualities make 7, important in mathematics and have applications in various fields such as cryptography, number theory and computer science. My debate here is about the irrational nobility of number 7.

In numerology number 7 represents intellect, logic, wisdom, understanding, truth, spirituality, intuition and mystery. People influenced by this number, tend to be intellectuals, philosophers and deep thinkers. They try to seek the meaning of life. The flip side is that they can be secretive, aloof and often bit sceptical.

In astrology number 7 is associated with Kethu (Neptune?), an imaginary planet like Raahu. In vedic astrology Kethu is the 9th planet and holds a mysterious and influential role. Its placement on a person's birth chart can significantly impact his life. People born on these dates, 7,16 (1+6=7) and 25 are ruled by Kethu.

7 is a unique number. 7 is the number of perfection and completeness, both physical and spiritual. In that sense it is called God's number, God is the only one who is perfect and complete. 7 play a meaningful role in the society, culture and in all religions across the globe since ancient times. Babylonians used seven days a week calendar, naming each day after a planet, (on those days only seven planets could be seen by naked eyes). Number 7 represents Greek diety Athena and Roman diety Minerva.

Hellensic travellers of 4th century bce named 7 ancient monuments as the wonders of the world. The great pyramid of Giza (it is the only one, still standing in the list), the hanging garden of Babylon,

---

കളിൽ നിർബന്ധമായും ഇടയ്ക്കിടെ സന്ദർശിപ്പിക്കണം. അവിടെയുള്ള അന്തേവാസികളുടെ ദയനീയാവസ്ഥ കണ്ട് അവരുടെ മനസ്സലിയണം. മനുഷ്യരുടെയിടയിലെ ദുരിതങ്ങൾ അവർ നേരിട്ടു കണ്ടുപഠിക്കണം. പിഞ്ചു മനസ്സുകളിൽ വിഷമുകുളങ്ങൾ മുളപൊട്ടാതെ നോക്കണം. പകരം നന്മയുടെ പുതുനാമ്പുകൾ അങ്കുരിക്കണം. അതുവഴി നല്ല പൗരന്മാരെ പാകപ്പെടുത്തിയെടുക്കാൻ നമുക്കാകണം. ശല്യക്കാർ കുറവുള്ള ഒരു സമൂഹത്തെ വാർത്തെടുക്കാൻ കഴിയണം.

അങ്ങനെ അർബുദരോഗം പുതുതലമുറകളെ നേർവഴിക്കു നയിക്കുമെങ്കിൽ അത് 'കാൻസർ ദ ഗ്രേറ്റ്' ആകും.

(അവസാനിച്ചു)

✵

the temple of Artemes at Ephesus, the statue of Zeus at Olympia, the mausoleum at Halicarnssus, the colossus of Rodes and the light house of Alexandria. In the modern list also there are seven wonders.

Some interesting truths linked with 7. The world has 7 oceans, 7 continents. We have 7 vertebrae in our neck, total 7 layers in our skin. The neutral value of pH is 7. The music has 7 notes, sapta swaraas are, sa, re, ga, ma, pa, dha, ni. There are 7 dimensions in a cube. Sir Issac Newton observed that white light can be split into a spectrum of 7 colours. Rainbow has 7 colours. Sapta parni, ezhilamppala, sacred in many religions has 7 leaves grown around its stem. This tree's scientific name is alstonia scholaris, apocynaceae family, english people call it the tree of knowledge.

As an early prime number in the series of positive integers, number 7 has great symbolic associations with all religions.

The number 7 has many references in Islam. The Koran speaks of 7 heavens. The pilgrims walk around the holy Kaaba, Mecca 7 times. 777 represents the triumph of God's number 7 over devil's number 666. Resurrection after death is the 7$^{th}$ belief in Islam.

Buddhism says the new born Buddha rises and took 7 steps. The lotus flower on Buddha's pedestal has 7 petals. The 7 petals represents the 7 factors of awakening, ie, mindfulness, energy, joy, investigation, concentration, tranquility and equanimity. They are considered as inner wealth in buddhism.

In hinduism 7 is very sacred number. In hindu marriages the bride and the groom walks 7 steps in front of sacred fire making the marriage irrevocable, a symbolic demonstration that they should walk together for the rest of life. According to hinduism there are 7 higher worlds (uurdhva loka) and 7 under worlds (adho loka). The holy 7 are bhoomika (earth), bhuvar, savar, mahar, jaina, thapo, and satya loka. 7 nether (adho) worlds are athala, vithala, suthala, rasaathala, thalathala, mahathala and pathala.

Seven is known as sapta in sanskrit. It is the symbolic representation of various concepts and philosophies of hindu sanathana dharma. Sapta rushis (7 sages) are credited to be responsible for transmitting vedic knowledge and contents of sacred texts to earthly consciousness. In the swayambhuva manavanthra (one manavanthra comprises of 71 mahayugas = 71×4320000 human years) they are Mareechi, Atri, Angeerasa, Pulastya, Pulaha, Krathu and Vasista. In the ongoing vaivaswatha manavanthra the 7 are Atri, Vasista, Kaasyapa, Gautama, Bharadwaja, Viswamitra and Jamandagi. Saptarishi mandala is a cluster of 7 stars (Ursa major constellation). Sapta chiram jevees are

Aswathama, Bali, Vyaasah, Hanuman, Vibheeshana, Krupaacharya and parasurama. Godess Durga has 7 forms, Brahmini, Maheswari, Kaumari, Vaishnavi, Vaaraahi, Aindree (Indrani) and Chamundi. There are many such 7s in hindu puranas. Sapta puri, sapta giri, sapta nadi, sapta dhadu, sapta mukhi rudraksha, sapta vasanas, etc. The spiritual tradition of hinduisam envisages 7 energy centres in our body, known as chakras. Each chakra is related with specific qualities and characteristics of human experience.

Number 7 is imperative in christianity also. The word seven in hebrew is spelled with the same consonants as the word for 'complete/full'. According to the Bible, God created the universe in six days, He looked at everything He had made, and He was very much pleased, He stopped working on the seventh day, He blessed the 7th day. Hence we have 7 days in a week. The catholic fraction believe that there are 7 layers of purgatory before heaven. There are 7 sacraments in catholic theology, baptism, confirmation, eucharist, penance, anointing the sick, matrimony and holy orders. There are 7 deadly sins, pride, greed, lust, envy, gluttony, wrath and sloth. These vices are considered to be root cause of all sins. 7 are the virtues in christianity, chastity, temperance, charity, diligence, patience, kindness and humility. These virtues counteract the sins and guide individuals towards moral behaviour. In bible 7 expressions are used to outline christians, light, witness, salt, branches, letters, ambassadors and stewards. Jesus said to forgive 7 times seventy. On the cross Jesus made 7 agony statements ; father forgive them - for they know not what they do, Today shalt thou be with Me in the paradise, Women behold thy son! behold thy mother!, My god my god why hast thou forsaken me, I thirst, It is finished, Father into thy hands I commend my spirits. There are 7 petitions in Lord's prayer.

7 is a magical number bringing luck. In the slot machine 7 represents Jackpot. Since ancient times it is believed that 7th child brings luck. Jewish patriarch Jacob named his 7th son as Gad, meaning luck. 7 is the most popular single digit number. If you ask someone to think of a single digit number most probably they say 7.

William Shakespeare in his play 'As you like it' says, man has 7 ages.

I shall conclude '7' peruma (nobility) by quoting the phrase 'seven year itch'. It is used in this sense by Henry David Thoreau in1854 and Carl Sandburg in 1936. Psychology also back it. It says a marriage or a long term romantic relationship decline after around 7 years. There is a play titled '7 year itch' by George Axelord. In 1955 this was adapted into a movie starring Marilyn Monroe with the same title '7 year itch'.

✵



# ചതികൾ വിരലറ്റത്ത്

*Er യു.എസ്. രവീന്ദ്രൻ*
*എക്സിക്യൂട്ടീവ് എഞ്ചിനീയർ (റിട്ട.)*

"**നി**ങ്ങളുടെ കേബിൾ ടിവി കണക്ഷൻ വരിസംഖ്യ അടച്ചതായി കാണുന്നില്ല. അതു കൊണ്ട് കേബിൾ ടിവി കണക്ഷൻ തുടരണ മെങ്കിൽ താഴെ കാണുന്ന ലിങ്കിൽ അമർത്തി അപ്ഡേറ്റ് ചെയ്യുക."

"നിങ്ങളുടെ എടിഎം കാർഡ് ബ്ലോക്ക് ചെയ്തിരിക്കുകയാണ്. തുടർന്ന് എടിഎം കാർഡ് ഉപയോഗിക്കണമെങ്കിൽ കാർഡ് നമ്പർ തരിക. ഈ ലിങ്കിൽ അമർത്തി ബാങ്കുമായി ബന്ധപ്പെടുക." "നിങ്ങളുടെ ഇലക്ട്രിസിറ്റി ചാർജ് അടച്ചിട്ടില്ല. ഇന്ന് അടച്ചില്ലെങ്കിൽ നാളെ കണക്ഷൻ വിച്ഛേദിക്കുന്നതാണ്. ഇലക്ട്രി സിറ്റി ചാർജ് അടയ്ക്കുവാനായി ഈ നമ്പറിൽ ഇലക്ട്രിസിറ്റി ബോർഡുമായി ബന്ധപ്പെടുക". നിങ്ങൾ മൊബൈൽ ഫോൺ ഉപയോഗിക്കു ന്നവർ ആണെങ്കിൽ മുകളിൽ കൊടുത്തിട്ടുള്ള ഏതെങ്കിലും ഒരു സന്ദേശം എപ്പോഴെങ്കിലും വന്നു കാണും. ഇത് ആരെങ്കിലും അനുസരി ച്ചിട്ടുണ്ടെങ്കിൽ അവർക്ക് നല്ലൊരുതുക നഷ്ട പ്പെട്ടിട്ടുണ്ടാകും. കമ്പ്യൂട്ടറിന്റെയും മൊബൈൽ ഫോണിന്റെയും ഉപയോഗം സാധാരണയായ ഇക്കാലത്ത് സൈബർ കുറ്റവാളികൾ അഴിഞ്ഞാടുകയാണ്. ഒരു വ്യക്തിയുടെ വ്യക്തിഗത രഹസ്യങ്ങൾ ബാങ്ക് അക്കൗണ്ട് നമ്പർ, ക്രെഡിറ്റ് / ഡെബിറ്റ് കാർഡ് നമ്പറുകൾ എന്നിവ ഉപയോഗിച്ച് അയാളുടെ കമ്പ്യൂട്ടർ ഡാറ്റ സിസ്റ്റത്തിൽ പ്രവേശിക്കുവാനും പ്രവർത്തനരഹിതമാക്കാനോ നിയന്ത്രി ക്കാനോ സൈബർ കുറ്റവാളികൾ ശ്രമിച്ചു കൊണ്ടിരിക്കുന്നു. ഇങ്ങനെയുള്ള സൈബർ കുറ്റവാളികൾ ചൈന, റഷ്യ നൈജീരിയ എന്നീ രാജ്യങ്ങൾ കേന്ദ്രമാക്കി കൊണ്ട് ലോകത്താ കമാനം ഉള്ള കമ്പ്യൂട്ടർ മൊബൈൽ ഫോൺ തുടങ്ങിയവ ഉപയോഗിക്കുന്നവരെ ചതിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഇവരെ കണ്ടെത്തലും ശിക്ഷിക്കലും തികച്ചും ശ്രമകരമാണ്. അമേരിക്കയിലെ സൈബർ സുരക്ഷാ വിദഗ്ദ്ധർ പറയു ന്നത് അമേരിക്ക യാണ് ഏറ്റവും കൂടുതൽ ചൂഷണത്തിന് വിധേയമായിട്ടുള്ളതെന്നാണ്. 2021 ൽ 30,000 കോടി ഡോളറോളം അമേരിക്കയിൽ നിന്നും തട്ടിയെടുത്തിട്ടുണ്ടെന്നാണ് കണക്ക്. ഇന്റർനെറ്റ് കംപ്ലൈന്റ് സെന്ററിന്റെ കണക്കു പ്രകാരം ഇത് മുൻ വർഷത്തേക്കാൾ 62% കൂടുതലാണത്രേ. എന്നാൽ ഇത് റിപ്പോർട്ട് ചെയ്തു കിട്ടിയിട്ടുള്ള കണക്കു മാത്രം. പുറത്തറിയിക്കാതെ നടപടികൾ എടുക്കാൻ വിമുഖരായ സീനിയർ പൗരന്മാർക്ക് നഷ്ടമായ തിന് കണക്കുകൾ ഒന്നുമില്ല. കനേഡിയൻ ആന്റിഫ്രോഡ് സെന്ററിന്റെ റിപ്പോർട്ട് പ്രകാരം 2021 ൽ കാനഡയിൽ വ്യത്യസ്ത പ്രായ ഗ്രൂപ്പു കളിൽപ്പെട്ട എല്ലാവരിൽ നിന്നുമായി 38 കോടി യോളം കനേഡിയൻ ഡോളർ കമ്പ്യൂട്ടർ മൊബൈൽ ഫോൺ ചതികളിലൂടെ നഷ്ട മായിട്ടുണ്ടത്രേ. യുകെയിൽ സാമ്പത്തിക വ്യവസായ ബാങ്കിംഗ് മേഖലകളിൽ നിന്നും 1300 കോടി പൗണ്ടോളം ഡിജിറ്റൽ ചതികളി ലൂടെ നഷ്ടമായിട്ടുണ്ട് എന്നാണ് കണക്ക്. സ്വന്തം ബാങ്ക് അക്കൗണ്ടിലേക്ക് പണം വരുമെന്ന് വിശ്വസിച്ച് പറ്റിച്ച ഇനത്തിലാണ് ഇതിൽ 40% ത്തോളം വഞ്ചനകൾ നടന്നിട്ടു ള്ളത്.

ഇന്ത്യയിലും സൈബർ കുറ്റകൃത്യങ്ങൾ കൂടി വരികയാണ്. 2014 ൽ 9600 സൈബർ കുറ്റകൃത്യങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2022 ആയപ്പോഴേക്കും അത് 16 ലക്ഷം കടന്നു. 'ഇന്ത്യൻ പാർലമെന്റിൽ' കേന്ദ്രമന്ത്രി വെളിപ്പെടുത്തിയത്.

അമേരിക്കയിലെ ഫെഡറൽ ബ്യൂറോ ഓഫ് ഇൻവെസ്റ്റിഗേഷന്റെ കണക്കുപ്രകാരം ഡിജിറ്റൽ കുറ്റകൃത്യങ്ങളിൽ ഇന്ത്യയുടെ സ്ഥാനം അമേരിക്ക, യുകെ, കാനഡ എന്നിവയ്ക്ക് പിന്നിൽ നാലാമത്തേതായി എത്തിനിൽക്കുന്നു.

ഇന്ത്യക്കാരുടെ നിത്യജീവിതത്തിന്റെ ഭാഗമായി വരുന്ന കാര്യങ്ങളിൽ ഓൺലൈൻ ബില്ലുകൾ അടയ്ക്കൽ, ഭക്ഷണം ഓർഡർ ചെയ്യൽ, ആശുപത്രികളിലേക്ക് ഡോക്ടറുടെ കൺസൽട്ടേഷന് അനുവാദം ചോദിക്കൽ, അപരിചിതരിൽ നിന്നും വീഡിയോ കോൾ വരുന്നത് തുടങ്ങി ഏതു മേഖലകളിലും സൈബർ ചതികൾ ഒളിഞ്ഞു കിടപ്പുണ്ട്.

''ഡിജിറ്റൽ സാങ്കേതികവിദ്യയിൽ വേണ്ടത്ര പരിജ്ഞാനം ഇല്ലാതെ അത് എല്ലാ കാര്യങ്ങളിലും ഉപയോഗിക്കാൻ തിടുക്കം കൂട്ടുന്നതുകൊണ്ടാണ് ഇങ്ങനെയുള്ള ചതിക്കുഴികളിൽ ചെന്നുപെടുന്നത്. കഴിഞ്ഞ കൊല്ലങ്ങളിൽ ഇന്ത്യയിൽ അസാമാന്യമായ ഡിജിറ്റൽ വളർച്ച ഉണ്ടായിട്ടുണ്ട്. എന്നാൽ കുറച്ചു ജനങ്ങൾക്കു മാത്രമേ അത് വേണ്ടവിധം ഉപയോഗിക്കാൻ അറിയുകയുള്ളു.'' ബോംബെയിലെ ഡിജിറ്റൽ ക്രൈം ഇൻവെസ്റ്റിഗേറ്റർ ആയ ശ്രീ. രമേശ് ഭാട്ട്യയുടെ അഭിപ്രായമാണിത്.

കാര്യങ്ങൾ ഇനിയും മോശമായിക്കൊണ്ടിരിക്കുകയാണ്. 2025 ആകുമ്പോഴേക്കും സൈബർ കുറ്റകൃത്യങ്ങൾ മൂലം 10500 കോടി ഡോളർ വരെ വിവിധ തരങ്ങളിലുള്ള ഡിജിറ്റൽ ചതികളിലായി ജനങ്ങൾക്ക് നഷ്ടമായേക്കാം. 2015 ൽ 3000 കോടി ഡോളറായിരുന്നു. അമേരിക്കയിലെ സൈബർ കുറ്റകൃത്യങ്ങളുടെ ഇൻവെസ്റ്റിഗേറ്ററുടെ അഭിപ്രായമാണിത്. ലോകത്തിലെ ഏറ്റവും വലിയ സാമ്പത്തിക വ്യവസ്ഥയിലുള്ള അമേരിക്കയും ചൈനയും കഴിഞ്ഞാൽ മൂന്നാം സ്ഥാനത്ത് എത്തിനിൽക്കുന്നത് സൈബർ കുറ്റകൃത്യ പ്രസ്ഥാനത്തിന്റെ സാമ്പത്തിക വ്യവസ്ഥയാണ്. ഇത് ജപ്പാൻ, ജർമ്മനി, യു.കെ., ഇന്ത്യ, ഫ്രാൻസ്, കാനഡ എന്നീ രാജ്യങ്ങളുടെ സാമ്പത്തിക വ്യവസ്ഥയേക്കാൾ മുന്നിലാണ്.

ഇതിന്റെ ഒന്നാമത്തെ കാരണം കൊറോണയ്ക്ക് ശേഷം നല്ല ശതമാനം കമ്പ്യൂട്ടർ വിദഗ്ദ്ധർമാരും "വർക്ക് അറ്റ് ഹോം" എന്ന സമ്പ്രദായം സ്വീകരിച്ചതുകൊണ്ടാണത്രേ. ഓഫീസിലെ സെറ്റപ്പിലുള്ള സൈബർ സുരക്ഷാ ക്രമീകരണങ്ങൾ വീടുകളിൽ ഉണ്ടാവുകയില്ലല്ലോ. തന്മൂലം കമ്പ്യൂട്ടർ വൈറസുകൾ കയറിവരാനുള്ള സാധ്യത കൂടുതലാണ്.

ഓൺലൈൻ അക്കൗണ്ട് തുറക്കാനും ബാങ്കിംഗ് നടത്താനും Facebook, Instagram, Whattsapp സാധനങ്ങൾ വാങ്ങാനും തുടങ്ങിയ സാമൂഹിക ആപ്ലിക്കേഷനുകൾക്ക് വേണ്ടിയും കമ്പ്യൂട്ടർ സിസ്റ്റം ഉപയോഗിക്കുന്നുണ്ടല്ലോ. ഏതു വഴി വേണമെങ്കിലും വൈറസുകൾക്ക് കയറി സ്വന്തം സിസ്റ്റത്തിൽ പ്രവേശിക്കാം. സാധാരണ കയറിവരാറുള്ള ചില ഡിജിറ്റൽ കുരുക്കുകൾ ഇവയാണ്.

ഉത്തരവാദിത്തപ്പെട്ട ഒരു കമ്പനിയോ ഗവൺമെന്റ് സ്ഥാപനങ്ങളോ നിങ്ങളുടെ വ്യക്തിപരമായ രേഖകൾ ഒരു ഫോമിൽ പൂരിപ്പിച്ച് ഇമെയിൽ ചെയ്യുവാൻ ആവശ്യപ്പെടാറില്ല. ആധികാരികത തോന്നുന്ന ഈ ആവശ്യപ്പെടൽ PHISHING എന്നും പറയും – വേറെ ഒരു വൈറസിലേക്ക് കൊണ്ടുപോവുകയും ബാങ്ക് അക്കൗണ്ട് ചോർത്തിയെടുക്കുകയും ചെയ്യും. ചിലപ്പോൾ ഇതെല്ലാം

ആവശ്യപ്പെട്ടുകൊണ്ടുള്ള സന്ദേശങ്ങൾ എസ് എംഎസിലൂടെ ആയിരിക്കും വരിക. ഇതിനെ "SMISHING" എന്ന് പറയുന്നു. ഇത്തരത്തിലുള്ള ഈമെയിലുകൾ പ്രത്യക്ഷപ്പെടുക ബാങ്കിന്റെ യോ ക്രെഡിറ്റ് കാർഡിന്റെയോ ലോഗോയ്ക്ക് സമാനമായ പടത്തോട് കൂടിയായിരിക്കും. ആരോ നിങ്ങളുടെ അക്കൗണ്ട് തുറക്കാൻ ശ്രമിക്കുന്നു. വേഗം പാസ്സ്വേർഡ് മാറ്റുക എന്ന സന്ദേശവും ലഭിച്ചേക്കാം. ഇതെല്ലാം അനുസരിച്ചാൽ സ്വന്തം അക്കൗണ്ടിലെ പണം നഷ്ടപ്പെട്ടേക്കാം. സ്വന്തം അക്കൗണ്ടിലെ പാസ്സ്വേർഡ് മാറ്റിയത് മൂലം ബ്ലോക്ക് ആയേക്കാം.

വളരെ പ്രാധാന്യം ഉള്ള ഒരു തട്ടിപ്പാണ് താഴെ ചേർത്തിരിക്കുന്നത്. ഞങ്ങൾ മൈക്രോ സോഫ്റ്റിൽ നിന്നാണ്. നിങ്ങളുടെ കമ്പ്യൂട്ടർ സിസ്റ്റത്തിൽ വൈറസ് പ്രശ്നങ്ങൾ ഉണ്ടെന്ന് നിങ്ങളുടെ ഇന്റർനെറ്റ് സർവീസ് സ്ഥാപനം ഞങ്ങൾക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിങ്ങളെ സഹായിക്കാനാണ് ഇപ്പോൾ വിളിക്കുന്നത്. വൈറസിനെ ഡിലീറ്റ് ചെയ്യുവാൻ നിങ്ങളുടെ സിസ്റ്റത്തിലേക്ക് കയറാനുള്ള അനുമതി ചോദിക്കും. അനുമതി നൽകുകയാണെങ്കിൽ നിങ്ങളുടെ കമ്പ്യൂട്ടറിൽ ചാര സോഫ്റ്റ്വെയർ സ്ഥാപിച്ച് എല്ലാ വിവരങ്ങളും ബാങ്ക് ഡെപ്പോസിറ്റ്സും ചോർത്തി എടുത്തേക്കും.

എന്റെ സുഹൃത്തിന് കിട്ടിയ വേറൊരു തട്ടിപ്പ് ഇങ്ങനെയാണ്. ഈമെയിലിൽ സുഹൃത്തേ നിങ്ങളുടെ പാസ്വേർഡ് എന്റെ കൈവശമുണ്ട്. അത് ഇതല്ലേ പാസ്വേർഡ് കാണിക്കുന്നു. അടുത്ത 24 മണിക്കൂറിനുള്ളിൽ 2900 ബിറ്റ് കോയിൻ അയച്ചില്ലെങ്കിൽ നിങ്ങളുടെ ബാങ്ക് അക്കൗണ്ട് ആക്രമിക്കപ്പെടും. ഏതായാലും ഒന്നും നടന്നില്ല, ഭീഷണി വെറും വാക്കായിരുന്നു.

ചില പ്രത്യേക ദിവസങ്ങളിലേക്കും അവസരങ്ങളിലേക്കും ഉപയോഗിക്കാൻ റെഡിമെയ്ഡ് തട്ടിപ്പുകൾ ഉണ്ട്.

വാലന്റൈൻസ് ഡേയ്ക്ക് വേണ്ടി സുഹൃത്തേ ഒരു ഡേറ്റിങ്ങിൽ ക്ഷണിക്കുന്നു. ഇവിടെ ക്ലിക്ക് ചെയ്യുക.

ഇൻകം ടാക്സ് റീഫണ്ടിന് വേണ്ടി; നിങ്ങൾക്ക് 10,000 രൂപ ഇൻകം ടാക്സ് റീഫണ്ട് ഉണ്ട്. അത് ലഭിക്കാൻ ക്ലിക്ക് ചെയ്യുക. കോവിഡ് കാലത്ത് നിങ്ങൾക്ക് ഫ്രീയായി കോവിഡ് ടെസ്റ്റ് കിറ്റുകൾ നൽകുന്നു. ഇവിടെ ക്ലിക്ക് ചെയ്യുക. തിരഞ്ഞെടുക്കപ്പെട്ട ദമ്പതിമാർക്ക് യൂറോപ്പിലേക്ക് എയർ ടിക്കറ്റ് നൽകുന്നു. ഇവിടെ ക്ലിക്ക് ചെയ്യുക. ഉക്രൈനിലെ ദുരിതമനുഭവിക്കുന്നവർക്ക് സംഭാവന നൽകുക. ഇവിടെ ക്ലിക്ക് ചെയ്യുക. ഇതിലെല്ലാം പെടുന്നവർ സൈബർ കുറ്റവാളികളുടെ കീശ വീർപ്പിക്കുന്നു.

പ്രായമായവരുടെ പേരക്കുട്ടികളോടുള്ള സ്നേഹം മുതലെടുത്തുകൊണ്ട് ചിലർ തട്ടിപ്പ് നടത്താറുണ്ട്. ആദ്യം എല്ലാ വിവരങ്ങളും ചോർത്തിയെടുത്ത ശേഷം മെസ്സേജ് അയക്കും. " മുത്തച്ഛാ ലാപ്ടോപ്പ് കേടുവന്നു. അച്ഛൻ അറിയണ്ട, വഴക്കുപറയും. പുതിയൊരെണ്ണം വാങ്ങാൻ 45000 രൂപ വേണം" പാവം മുത്തച്ഛൻ ഉടനെ രൂപ അയക്കും. കൊച്ചുമോനോ വീട്ടുകാരോ അറിയാതെ മുത്തച്ഛന്റെ 45000 രൂപ എത്തുന്നത് സൈബർ കുറ്റവാളികളുടെ കയ്യിലായിരിക്കും.

ചിലപ്പോൾ സുന്ദരികളായ സ്ത്രീകൾ ആരുടെയെങ്കിലും ഒക്കെ ഫോട്ടോ ഫേസ് ബുക്ക് അക്കൗണ്ടിൽ കാണിച്ച് പ്രേമവും വിശ്വാസവും ആർജ്ജിച്ചു രൂപ ആവശ്യപ്പെടും.

### ഡേറ്റിംഗ് ട്രാപ്പ്

ഓർലാൻഡോവിലെ വിധവയായ റബേക്കഡ അന്റോണിയോക്ക് ഒരു പറ്റ് പറ്റി. വിഭാര്യനായ ഒരു സുമുഖനെ ഡേറ്റിംഗ് സൈറ്റ് വഴി പരിചയപ്പെട്ടതാണ്. ഒറ്റ മകനുള്ള അയാൾ വീണ്ടും വിവാഹം കഴിക്കാൻ ആഗ്രഹിക്കുന്നു. ഡേറ്റിംഗ് സൈറ്റിലൂടെ

സൗഹൃദം വളർന്നു വളർന്നു വിവാഹസമ്മതം വരെ എത്തി. ഈ സുമുഖന് കുറച്ച് കടം വീട്ടാൻ ഒരു ലക്ഷം ഡോളർ അയച്ചുകൊടുത്തു. പിന്നെ സുമുഖനായ ഭാവി ഭർത്താവിന്റെ ഒരു അഡ്രസ്സും ഇല്ല.

**ഹണിട്രാപ്പ്**

ബോംബെയിലെ ബിസിനസ്സുകാരനായ 71 കാരൻ രാജേഷ് പാണ്ടയ്ക്ക് ഒരു ദിവസം ഒരു അപരിചിത നമ്പറിൽ നിന്നും ഒരു വീഡിയോ കോൾ വന്നു, ഫോൺ എടുത്തു. ചെറുപ്പക്കാരിയായ ഒരു യുവതിയാണ്. ആരാണ്, എന്താണ് വിളിച്ചത് എന്ന് ചോദിച്ചു കൊണ്ടിരിക്കെ മറുപടിയൊന്നും ലഭിച്ചില്ലെങ്കിലും ആ യുവതി സ്വന്തം വസ്ത്രങ്ങൾ അഴിച്ചുമാറ്റാൻ തുടങ്ങി. രാജേഷ് പാണ്ടേ നടുങ്ങി ഉറച്ചുപോയി. എന്തസംബന്ധമാണ് ചെയ്യുന്നത് എന്ന് ചോദിച്ചെങ്കിലും മറുപടിയൊന്നും ഉണ്ടായില്ല. കുറച്ച് സെക്കന്റുകൾക്ക് ശേഷം ഫോൺ ഓഫ് ആക്കി എന്താണ് സംഭവിച്ചതെന്ന് ആലോചിച്ചു തീരും മുമ്പ് വേറെ ഒരു കോൾ വന്നു. രാജേഷ് ഫോൺ എടുത്തു. ഫോണിന്റെ മറ്റേ അറ്റത്തുനിന്നും വന്നത് പുരുഷ ശബ്ദമാണ്. മിസ്റ്റർ രാജേഷ് നിങ്ങൾ ഓൺലൈൻ അവിഹിതബന്ധങ്ങൾ പുലർത്തുന്ന വീഡിയോ എന്റെ കൈവശമുണ്ട്. ഞാനിത് നിങ്ങളുടെ ഫേസ്ബുക്കിൽ പോസ്റ്റ് ചെയ്യാൻ പോവുകയാണ്. 50000 രൂപ തന്നില്ലെങ്കിൽ സമൂഹത്തിൽ നിങ്ങൾ അപമാനിതനാകും. ഭയന്നുവിറച്ച രാജേഷ് പാണ്ഡെ ഉടനടി ഫോണിൽ നിന്നും സിം കാർഡ് ഊരിമാറ്റി. ഫേസ് ബുക്ക് പ്രൊഫൈൽ ഡിലീറ്റ് ചെയ്തു വേറൊരു നമ്പറിൽ പുതിയ കണക്ഷൻ എടുത്തു. ഡിജിറ്റൽ ഹണി ട്രാപ്പിൽ നിന്നും രക്ഷപ്പെട്ടു.

എന്നാൽ അഹമ്മദാബാദിലെ 68 വയസ്സുള്ള ഒരു വ്യവസായിക്ക് രണ്ടര കോടി രൂപയും ഒരു റിട്ടയേഡ് ബാങ്ക് ഉദ്യോഗസ്ഥന് 17 ലക്ഷം രൂപയും ഇതുപോലെയുള്ള ഡിജിറ്റൽ ഹണി ട്രാപ്പിലൂടെ നഷ്ടമായ യാഥാർത്ഥ്യങ്ങൾ ഉണ്ട്.

**മദ്യകെണി**

മദ്യം ഓർഡർ ചെയ്യുന്നവരുടെ വിശദ വിവരങ്ങൾ മദ്യഷാപ്പുകളിൽ നിന്നും ചോർത്തി ഇല്ലാത്ത മദ്യഷാപ്പിന്റെ പേരിൽ ഒരിക്കലും സപ്ലൈ ചെയ്യാൻ ഉദ്ദേശിക്കാത്ത മദ്യത്തിനുവേണ്ടി ഓർഡർ സ്വീകരിക്കുകയും പണമടയ്ക്കുകയും ചെയ്യുന്ന സമ്പ്രദായമാണിത്. ബാംഗ്ലൂർ, ബോംബെ എന്നിവിടങ്ങളിലുള്ള പല രഹസ്യ മദ്യപാനികൾക്കും ഇതുപോലെ പറ്റിയതായി റിപ്പോർട്ടുണ്ട്.

**എങ്ങനെ ചതിയിൽ വീഴാതിരിക്കാം**

ഇങ്ങനെയുള്ള ചതിക്കളിൽ വീഴാതിരിക്കാൻ പണമിടപാടുകളിൽ പഴയ സമ്പ്രദായങ്ങളിലേക്ക് തിരിച്ചുപോകലാണ് എളുപ്പ മാർഗം. എന്നാൽ ഡിജിറ്റൽ യുഗമായ ഇക്കാലത്ത് അത് പ്രായോഗികമല്ല. ഗവൺമെന്റും ക്രെഡിറ്റ് കാർഡ് കമ്പനികളും ഇങ്ങനെയുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ പുതിയ പുതിയ സാങ്കേതിക വിദ്യകൾ നടപ്പാക്കികൊണ്ടിരിക്കുകയാണ്. ഡിജിറ്റൽ ഇടപാടുകളിൽ പ്രാവീണ്യം ഇല്ലെങ്കിലും ചില മുൻകരുതലുകൾ എടുക്കുകയാണെങ്കിൽ ചതിക്കപ്പെടാതെ കാര്യങ്ങൾ കൈകാര്യം ചെയ്യാനാവും .

1. ശക്തമായ പാസ്‌വേഡുകൾ ഉപയോഗിക്കുക. ഏറ്റവും കുറഞ്ഞത് 8 അക്കങ്ങൾ ഉള്ള പാസ്‌വേഡുകൾ ഉപയോഗിക്കുക, അക്ഷരങ്ങളും. അക്ഷരങ്ങളും അക്കങ്ങളും ചേർന്ന മിശ്രിതങ്ങളാവാം. ജനനത്തീയതി, കുട്ടികളുടെ പേര്, വളർത്തുമൃഗങ്ങളുടെ ഓമന പേര് എന്നിവ ഒഴിവാക്കുക. ഒരു വാചകത്തിന്റെ പല അക്ഷരങ്ങൾ ചേർത്ത് ഒരു പാസ്സ്വേർഡിന് പകരം ഒരു പാസ്സ്വേർഡ് വാചകം സൂക്ഷിക്കുക. myb@ps#1(my bird named Parus sings no 1)

2. ഇന്റർനെറ്റിൽ വരുന്ന സന്ദേശങ്ങൾ കണ്ണുമടച്ച് വിശ്വസിക്കാതിരിക്കുക. വീഡിയോ കോൾ വഴിയോ മറ്റോ ആരെങ്കിലും വിളിക്കുകയാണെങ്കിൽ അവരെയും കണ്ണുമടച്ച് വിശ്വസിക്കാതിരിക്കുക. ജനങ്ങളുടെ ഭയത്തെയും വിശ്വസ്തതയെയും ദുരാഗ്രഹത്തെയും ഉപയോഗിച്ച് സൈബർ ക്രിമിനലുകൾ മുതലെടുക്കുന്നു.
3. പരിചയമില്ലാത്തവരിൽ നിന്നും വീഡിയോ കോൾ വരികയാണെങ്കിൽ കഴിയുന്നതും മറുപടി പറയാതിരിക്കുക. മൊബൈൽ ഫോണിന്റെ ക്യാമറ വിരൽ തുമ്പ്കൊണ്ട് മറച്ചുപിടിച്ച് കൊണ്ട് മാത്രം മറുപടി പറയുകയാണെങ്കിൽ പറയുക.
4. ഓൺലൈനിൽ കാണുന്ന വിവരങ്ങളെല്ലാം ശരിയാകണമെന്നില്ല. ഇന്റർനെറ്റ് സുഹൃത്തുക്കളെ വിശ്വസിക്കരുത് ഗൂഗിളിൽ കാണുന്ന വിവരങ്ങൾ മുഴുവൻ യാഥാർത്ഥ്യമാകേണ്ടതില്ല.
5. നിങ്ങളുടെ തൊഴിൽ സ്ഥാപനം എന്തെങ്കിലും കാരണം പറഞ്ഞ് പണം അടയ്ക്കാൻ പറഞ്ഞാൽ വിശ്വസിക്കേണ്ടതില്ല. ഇത്ര പണം അടച്ചാൽ നിങ്ങളുടെ കുടിശ്ശിക ശമ്പളം വിട്ടു തരാം എന്നൊക്കെയാകും മെസ്സേജ്.
6. പരിചയമില്ലാത്ത സാമൂഹിക സുഹൃത്തുക്കൾ ഉണ്ടെങ്കിൽ ബ്ലോക്ക് ചെയ്യുക.
7. ബാങ്കിംഗ് ഇടപാടുകളിൽ ഇരട്ട സുരക്ഷ ഉറപ്പാക്കുക. പാസ്വേഡ് കൂടാതെ സ്വന്തം മൊബൈലിൽ വരുന്ന OTP (one time password) ക്ക് ശേഷം മാത്രം ഇടപാടുകൾ നടത്തുക.
8. ബാങ്കിംഗ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന ഇമെയിൽ മറ്റു സാമൂഹിക ഇടപാടുകൾക്ക് ഉപയോഗിക്കാതിരിക്കുക. അല്ലാത്തപക്ഷം കച്ചവടസ്ഥാപനങ്ങൾ വേറെ വാണിജ്യ ആവശ്യങ്ങൾക്ക് ഈ ഇമെയിൽ അക്കൗണ്ട് ഉപയോഗിച്ചേക്കാം.
9. വീട്ടിലുള്ള വൈഫൈ സംവിധാനം മാത്രം ഉപയോഗിച്ച് ഓൺലൈൻ ഓർഡറുകൾ ചെയ്യുക. പബ്ലിക് വൈഫൈ ഉപയോഗിച്ച് ഒരിക്കലും സാധനങ്ങൾ ഓർഡർ ചെയ്യരുത്.
10. സ്വന്തം സിസ്റ്റത്തിന്റെ ഒരു antimalware software സ്ഥാപിക്കുക. സ്വന്തം സിസ്റ്റത്തിൽ ആരും ഇടിച്ചു കയറി ആക്രമിക്കാതിരിക്കാനുള്ള ഒരു സൂത്രമാണിത്.

## Letters to the Editor




**കത്തുകൾ അയക്കേണ്ട വിലാസം**

The Chief Editor
**Hydel Bullet**
KSEB Engineers' Association, Panavila
Thiruvananthapuram - 01
Phone : 0471 - 2330696

hydelbulletin@gmail.com 7012117197

ഗാനമാധുരി - 11

**സർപ്പ സംഗീതം - ഭാഗം രണ്ട്**

# പാമ്പാട്ടത്തിന്റെ സംഗീതം - മകുടിനാദവും സർപ്പനൃത്തവും



*Er പി.വി. പ്രമോദ്*
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

**പാ**മ്പിനെ ദൈവമായി കണക്കാക്കി ആരാധിക്കുന്ന രീതിയാണ് സർപ്പാരാധന. ഇതിൽ പുരാവൃത്തപരമോ മതപരമോ ആയ ദേവതയോ പ്രതീകമോ ആയാണ് സർപ്പത്തെ സങ്കൽപ്പിച്ചിരിക്കുന്നത്. തനിക്ക് കീഴടക്കാനാവാത്ത പ്രകൃതിശക്തികളെയും ജീവജാലങ്ങളെയും സ്തുതിച്ചും ആരാധിച്ചും വശപ്പെടുത്താനുള്ള ആദിമ മനുഷ്യന്റെ സമീപനമായി നാഗാരാധനയെ പരിഗണിക്കാം.

ലോകത്തിലെ പല രാജ്യങ്ങളിലെ പുരാവൃത്തങ്ങളിലും പല മതങ്ങളുടെയും വിശ്വാസ പ്രമാണങ്ങളിലും പാമ്പുകൾ പ്രത്യക്ഷപ്പെടുന്നുണ്ട്. പ്രാചീന ഭാരതത്തിലെ ഇതിഹാസങ്ങളും ഹൈന്ദവ പുരാണങ്ങളും സർപ്പങ്ങളെപ്പറ്റിയുള്ള പുരാവൃത്തങ്ങൾ, വിശ്വാസങ്ങൾ, ഐതിഹ്യങ്ങൾ എന്നിവയാൽ സമൃദ്ധമാണ്.

**സർപ്പ പുരാവൃത്തങ്ങൾ**

ഈജിപ്ഷ്യൻ പുരാണത്തിൽ പറയുന്നത് എല്ലാ ജീവികളുടെയും ആദിമജനനി ഒരു സർപ്പമാണെന്നാണ്.

സ്ത്രീ ശിരസ്സുള്ള ഒരു സർപ്പമാണ് ആദിമമനുഷ്യനെ സൃഷ്ടിച്ചതെന്ന് ചൈനീസ് പുരാണം പറയുന്നു. സുമേറിയൻ സംസ്കാരത്തിലെ ചില ദുഷ്ടദേവതകൾക്ക് സർപ്പരൂപമാണ്. ചില രാജ്യങ്ങളിലെ നാടോടിക്കഥകളിൽ സ്ത്രീയും സർപ്പവും തമ്മിലുള്ള ശത്രുത പ്രമേയമാണ് -സർപ്പത്തിന്റെ ഉഗ്രമായ ദംശനത്താലാണ് സ്ത്രീകളിൽ ആർത്തവ പ്രക്രിയ ആരംഭിച്ചത് എന്നാണ് ഐതിഹ്യം.

ഗ്രീക്ക് പുരാണത്തിലെ ഉൽപ്പത്തി കഥയ്ക്ക് സർപ്പബന്ധമുണ്ട്. ഗ്രീക്ക് വിശ്വാസ പ്രകാരം ശൂന്യതയിൽ നിന്ന് ആദ്യം 'യൂനിനോം' എന്ന നഗ്നയായ ദേവിയും പിന്നീട് 'ഓഫിയോൺ ' എന്ന സർപ്പവുമുണ്ടായി. ദേവിയുടെ നഗ്ന ശരീരം കണ്ട് വികാര വിവശനായ ഓഫിയോൺ യുനിനോനുമായി ഇണ ചേർന്നു. തുടർന്ന് യുനിനോം ഒരു പ്രാവിന്റെ രൂപത്തിൽ പറന്ന് കടലിലെ തിരമാലകൾക്ക് മുകളിൽ ഒരു അണ്ഡം നിക്ഷേപിച്ചു. ഓഫി യോൺ ഈ അണ്ഡത്തിന് മുകളിൽ അടയിരുന്നു. ഭൂമിയിലെ സർവ്വ ജീവജാലങ്ങളും ഈ അണ്ഡത്തിൽ നിന്ന് ഉണ്ടായതാണത്രെ.




അണ്ഡവും ഓഫിയോൺ സർപ്പവും (ഗ്രീക്ക്)

**മതവിശ്വാസങ്ങളിലെ സർപ്പങ്ങൾ**

ക്രിസ്തുമത വിശ്വാസ പ്രകാരം സർപ്പം ദുഷ്ടതയുടെ പ്രതീകമാണ്. ബൈബിളിലെ ഉൽപത്തിക്കഥയിൽ സർപ്പസാന്നിധ്യമുണ്ട്.

ഏദൻതോട്ടത്തിലെ മധ്യഭാഗത്തുള്ള വൃക്ഷത്തിലെ 'വിലക്കപ്പെട്ട കനി' ദൈവകൽപ്പന ലംഘിച്ച് ഹവ്വ ഭക്ഷിച്ചത് സർപ്പരൂപത്തിൽ അവിടെ വന്ന സാത്താന്റെ പ്രേരണയിലാണ്.


ഹവ്വയെ പ്രലോഭിപ്പിക്കുന്ന സർപ്പം (ബൈബിൾ)

ഇസ്ലാമിലും സർപ്പങ്ങൾ തിന്മയുടെ പ്രതീകങ്ങളാണ് .

ഇസ്ലാമിക വിശ്വാസപ്രകാരം മരണാനന്തരം പാപികളെ നരകത്തിൽ ശിക്ഷിക്കുന്നത് വിഷപ്പാമ്പുകളെ കൊണ്ട് കടിപ്പിച്ചിട്ടാണ്. അറേബ്യയിൽ 'സൗർ' എന്ന സ്ഥലത്തെ ഗുഹയിൽ ഒരു സർപ്പം പ്രവാചകനെ അനേക വർഷമായി കാത്തിരുന്നത്രെ. ഒരിക്കൽ പ്രവാചകൻ മുഹമ്മദ് നബിയും ശിഷ്യനും ഈ ഗുഹയിൽ അഭയം തേടിയ സമയത്ത് ശിഷ്യനെ സർപ്പം ദംശിക്കുകയും മുറിവിൽ ഉമിനീർ പുരട്ടി നബി ശിഷ്യനെ രക്ഷിക്കുകയും ചെയ്ത കഥ ഖുറാനിലുണ്ട്.

ബുദ്ധമത വിശ്വാസ പ്രകാരം നാഗം രക്ഷകനാണ്. ഒരിക്കൽ ബുദ്ധൻ തപസ്സു ചെയ്യുന്ന സമയത്ത് കൊടുങ്കാറ്റും പേമാരിയും ഉണ്ടായപ്പോൾ മണ്ണിനടിയിൽ നിന്നും ഉയർന്നു വന്ന 'മുകിലാൻഡ' എന്ന നാഗംപത്തി വിടർത്തി കുടയായി പിടിച്ച് ബുദ്ധനെ രക്ഷിച്ചെന്നാണ് ഐതിഹ്യം. ഇതിന്റെ പശ്ചാത്തലത്തിലാണ് നാഗഫണച്ചുവട്ടിൽ ഇരുന്ന് ധ്യാനിക്കുന്ന ബുദ്ധ പ്രതിമകൾ ലോകത്ത് പലയിടത്തും കാണപ്പെടുന്നത്.


ബുദ്ധനും മുകാലിൻഡ സർപ്പവും

**ഭാരതത്തിലെ സർപ്പ പുരാണം**

ഹൈന്ദവ പുരാണങ്ങളിൽ സർപ്പങ്ങളുടെയും സർപ്പശത്രുവായ ഗരുഡന്റെയും സൃഷ്ടിക്കു പിറകിലെ വിപുലമായ കഥകളുണ്ട്.

കശ്യപ മഹർഷിയുടെ രണ്ടു പത്നിമാരാണ് കദ്രുവും വിനതയും. സഹോദരിമാരായ കദ്രുവിൻെറയും വിനതയുടെയും പിതാവ് ദക്ഷപ്രജാപതിയാണ്. തന്റെ പത്നിമാരുടെ ശുശ്രൂഷയിൽ സംപ്രീതനായ കശ്യപൻ രണ്ടുപേർക്കും ഓരോ വരം വാഗ്ദാനം ചെയ്തു.

കദ്രു ആയിരം ശക്തരായ പുത്രൻമാരെയാണ് ആവശ്യപ്പെട്ടത്. തുടർന്ന് കദ്രുവിന് ആയിരം അണ്ഡങ്ങൾ ലഭിച്ചു. ആദ്യത്തെ അണ്ഡ ത്തിൽ നിന്ന് ജൻമമെടുത്തതാണ് ആയിരം ഫണങ്ങളും സൂര്യകോടി പ്രഭയും സ്വർണ്ണവർണ്ണവുമുള്ള നാഗമായ അനന്തൻ. ശേഷനാഗം, ആദിശേഷൻ എന്നീ പേരുകളിലും അനന്തൻ അറിയപ്പെടുന്നു. കന്നിമാസ ത്തിലെ ആയില്യം നാളിലാണ് അനന്തൻ ജനിച്ചതെന്നാണ് വിശ്വാസം. (ഈയൊരു കാരണത്താലാണ് ആയില്യം നാളിൽ സർപ്പപൂജയ്ക്ക് പ്രാധാന്യം) തുടർന്ന് വാസുകി, ഗുളികൻ, ശംഖപാലൻ, തക്ഷകൻ, മഹാപത്മൻ,പത്മൻ കാർക്കോടകൻ എന്നീ ഏഴു നാഗങ്ങൾ ജൻമമെടുത്തു.


അനന്ത നാഗം

അനന്തനും ഈ ഏഴു നാഗങ്ങളും ചേർന്ന എട്ടു നാഗങ്ങളാണ് അഷ്ടനാഗങ്ങൾ എന്നറിയപ്പെടുന്നത്. ക്രമേണ മറ്റ് അണ്ഡങ്ങൾ വിരിഞ്ഞ് ആയിരം സർപ്പങ്ങളും ജനിച്ചു. ഇവയിൽ ചിലത് ഭൂമിയിലേക്ക് വന്നതോടെ ഇവിടെയും സർപ്പങ്ങളുണ്ടായി എന്നാണ് ഐതിഹ്യം.

പല ഹൈന്ദവ ദൈവങ്ങൾക്കും സർപ്പ ബന്ധമുള്ളതായി പുരാണങ്ങളിൽ പ്രതിപാദിക്കുന്നു. മഹാവിഷ്ണു ശയിക്കുന്നത് അനന്തന്റെ പുറത്താണ്. പരമശിവന് കണ്ഠാഭരണമാണ് വാസുകി. ഇതുകൂടാതെ മറ്റു ദേവതകൾക്ക് ആഭരണമായും ഉപകരണമായും സർപ്പങ്ങളുണ്ട്. ഗണപതിക്ക് പൂണൂൽ, ദുർഗ്ഗക്ക് ആയുധം, കാളിക്ക് വള, സൂര്യന് ഏഴു കുതിരകളെ തന്റെ രഥത്തിൽ പൂട്ടാനുള്ള കയർ, വരുണന് പാമ്പിൻപത്തി കുട, ത്വരിതാ ദേവിക്ക് കുണ്ഡലം, നീല സരസ്വതിക്ക് മാല, പാലാഴി മഥനത്തിൽ കയറായി വാസുകി, ശ്രീകൃഷ്ണന് ഒരു സന്ദർഭത്തിൽ നടനവേദിയായി കാളിയ ഫണം ഇങ്ങനെ പോകുന്നു സർപ്പങ്ങളും ഹിന്ദു ദേവതകളും തമ്മിലുള്ള ബന്ധം.


ശിവനും വാസുകിയും

**നാഗങ്ങളും സർപ്പങ്ങളും**

ഹൈന്ദവ വിശ്വാസ പ്രകാരം നാഗങ്ങളും സർപ്പങ്ങളും തമ്മിൽ വ്യത്യാസമുണ്ട്. ചൈതന്യവും ശക്തിയും ദൈവീകതയുമുള്ള ശ്രേഷ്ഠ സർപ്പങ്ങളാണ് നാഗങ്ങൾ. ഇവർ പൊതുവെ ശാന്തരാണത്രെ. വിഷമുണ്ടെങ്കിലും ആരെയും ദംശിക്കാറില്ല. നാഗങ്ങൾ ഭൂമിയിൽ ഇഴയുന്നവയല്ല. ഇവ 'അന്തരീക്ഷ സഞ്ചാരികൾ' ആണെന്നാണ് വിശ്വാസം.

ഭൂമിയിൽ ഇഴയുന്ന പാമ്പുകളാണ് സർപ്പങ്ങൾ. സർപ്പിണം (ഇഴയുക) ചെയ്യുന്നവയായതിനാൽ സർപ്പങ്ങൾ എന്ന പേരുകിട്ടി. ഇവർ ശക്തരും നീണ്ടുരുണ്ട ദേഹമുള്ളവരും കോപികളുമാണ്. സർപ്പങ്ങൾ ചിലപ്പോൾ സർവതിനെയും ദംശിച്ച് വിഷ വീര്യത്താൽ നശിപ്പിച്ചുകളയും.

**നാഗലോകങ്ങളും നാഗരാജാക്കളും**

ഹൈന്ദവ വിശ്വാസ പ്രകാരം പാതാളം, മഹാതലം എന്നീ രണ്ടു ലോകങ്ങൾ ബ്രഹ്മാവ് നാഗങ്ങൾക്കായി നീക്കിവച്ചിരിക്കുന്നു.

**പാതാളത്തിൽ**

നാഗശ്രേഷ്ഠനായ അനന്തൻ സർവ്വലോകങ്ങളെയും താങ്ങിക്കൊണ്ട് വസിക്കുന്നു, അനന്തൻ നിൽക്കുന്നത് അനന്തകല എന്ന മൂലസ്ഥാനത്താണ്. ഇതിന് ഈരേഴു പതിനാല് ലോകങ്ങളെക്കാൾ ആയിരമിരട്ടി വിസ്താരമുണ്ടത്രെ.

അനന്തൻ രക്ഷാധികാരിയായ നാഗലോകത്തിന്റെ രാജാവ് അനുജനായ വാസുകിയാണ്. അനന്തന്റെ കോയ്മയുള്ള നാഗലോകത്തെ പരിപാലിക്കുകയാണ് വാസുകിയുടെ ധർമ്മം. വാസുകിക്ക് എണ്ണൂറ് ഫണങ്ങളുണ്ട്. എഴുനൂറ്, ഇരുനൂറ്, നൂറ് എന്നിങ്ങനെ ഫണങ്ങളുള്ള ധൃതരാഷ്ട്രൻ, ശംഖപാലൻ, ധനഞ്ജയൻ എന്നീ നാഗങ്ങളും പാതാളവാസികളാണ്. ഈ ശ്രേഷ്ഠനാഗങ്ങളെ സർപ്പശത്രുവായ ഗരുഡൻ ഉപദ്രവിക്കാറില്ല.

മഹാതലം സർപ്പങ്ങളുടെ ലോകമാണ്. വാസുകി സർപ്പലോകത്തിന്റെ നാഥനും രക്ഷകനുമാണ്. സർപ്പരാജാക്കൻമാരായ തക്ഷകൻ, കാളിയൻ, കാർക്കോടകൻ, ഗുളികൻ എന്നിവർ മഹാതല വാസികളാണ്.ഇവർ മഹാതലത്തിലെ ഓരോ പ്രത്യേക പ്രദേശങ്ങൾ ഭരിക്കുന്നു. ഗരുഡൻ വാസുകിയുടെ മിത്രമായതിനാൽ മഹാതലത്തിലെ സർപ്പങ്ങളെ ദ്രോഹിക്കില്ല എന്നാണ് വിശ്വാസം.

**ഗരുഡൻ**

ഹൈന്ദവ പുരാണത്തിലെ പരുന്തുരൂപമുള്ള ഭീമാകാരനായ പക്ഷിയാണ്


ഗരുഡൻ

ഗരുഡൻ. കശ്യപന് പത്നിയായ വിനതയിൽ പിറന്നപുത്രനാണ് ഗരുഡൻ. ഗരുഡന്റെ ജനനത്തിന് പിറകിൽ ഒരു കഥയുണ്ട്.

കശ്യപൻ വിനതയ്ക്ക് വരം വാഗ്ദാനം ചെയ്തപ്പോൾ കദ്രുവിന്റെ ആയിരം പുത്രരേക്കാൾ ശക്തരായ രണ്ടു പുത്രൻമാരെയാണ് വിനത ആവശ്യപ്പെട്ടത്. തുടർന്ന് വിനതയ്ക്ക് രണ്ട് അണ്ഡങ്ങൾ ലഭിച്ചു. മുട്ടകൾ വിരിയാൻ വളരെ കാലതാമസമുണ്ടായപ്പോൾ അക്ഷമയായ വിനത അതിൽ ഒരെണ്ണം പൊട്ടിച്ചു നോക്കി. അപ്പോൾ പകുതി വളർച്ച മാത്രമുള്ള അരുണൻ പുറത്തുവന്നു. എന്നാൽ തന്നെ ഈ രൂപത്തിലാക്കിയതിനു കാരണക്കാരിയായ അമ്മ വിനതയെ 'കദ്രുവിന്റെ ദാസിയാകട്ടെ' എന്ന് ശപിച്ച് അരുണൻ സ്ഥലംവിട്ടു. അരുണൻ പിന്നീട് സൂര്യന്റെ തേരാളിയായി. രണ്ടാമത്തെ മുട്ട യഥാകാലം വിരിഞ്ഞുണ്ടായ പുത്രനാണ് ഗരുഡൻ.

ഒരിക്കൽ കദ്രുവുമായി വിനത ഒരു പന്തയത്തിലേർപ്പെട്ടു. ആകാശത്തിലൂടെ നീങ്ങുന്ന വിശുദ്ധനായ കുതിരയുടെ വാലിന്റെ നിറമായിരുന്നു വിഷയം. വെളുപ്പാണെന്ന് വിനതയും കറുപ്പാണെന്ന് കദ്രുവും പറഞ്ഞു. യഥാർഥത്തിൽ വാലിന്റെ നിറം വെളുപ്പായിരുന്നു. എന്നാൽ കദ്രുവിന്റെ പുത്രരായ ചില സർപ്പങ്ങൾ വാലിൽ പറ്റിപ്പിടിച്ച് കിടന്നതിനാൽ അത് കറുപ്പായി കാണപ്പെട്ടു. അങ്ങനെ സർപ്പങ്ങളുടെ ചതിയാൽ വിനത പരാജയപ്പെടുകയും അരുണൻ ശപിച്ചതുപോലെ കദ്രുവിന്റെ ദാസിയാവുകയുംചെയ്തു. ഇത് ഗരുഡനെ സർപ്പങ്ങളുടെ പൊതു ശത്രുവാക്കി.

തങ്ങൾക്ക് അമൃത് കൊണ്ടുവന്ന് നൽകിയാൽ അമ്മ വിനതയെ ദാസ്യവേലയിൽ നിന്നും മോചിപ്പിക്കാമെന്ന് സർപ്പങ്ങൾ ഗരുഡനോട് പറഞ്ഞു. ഉടൻ ദേവലോകത്തെത്തിയ ഗരുഡൻ ഇന്ദ്രനെ തോൽപ്പിച്ച് നാഗപാശമുള്ള പൂട്ട് മുറിച്ച് സംഭരണ സ്ഥലത്തു നിന്നും അമൃതകുംഭം കൈക്കലാക്കി. എന്നാൽ ഒരു തുള്ളി പോലും കഴിക്കാതെ കുംഭവുമായി പറന്നു. അമ്മയെ രക്ഷിക്കാനുള്ള ഗരുഡന്റെ ആത്മാർഥതയിൽ സംപ്രീതനായ മഹാവിഷ്ണു പ്രത്യക്ഷപ്പെട്ട് രണ്ടു വരം വാഗ്ദാനം നൽകി. ഗരുഡൻ ആവശ്യപ്പെട്ട അമരത്വവും മഹാവിഷ്ണുവിന്റെ കൊടിക്കൂറയിൽ സാന്നി ധ്യവും വരമായി ലഭിച്ചു. കൂടാതെ വിഷ്ണു ഗരുഡനെ തന്റെ വാഹനവുമാക്കി.


അനന്തനും വിഷ്ണുവും

അമൃതകുംഭം വഹിച്ചുള്ള യാത്രാമധ്യേ ഇന്ദ്രൻ വജ്രായുധം പ്രയോഗിച്ചെങ്കിലും വിഷ്ണുവിന്റെ വരബലം കാരണം ഗരുഡന് അതേറ്റില്ല. അപ്പോൾ ഗരുഡൻ ഇന്ദ്രനേയും വജ്രായുധത്തേയും ബഹുമാനിച്ചുകൊണ്ട് തന്റെ ശരീരത്തിൽ നിന്നും ഒരു തൂവൽ പൊഴിച്ചു. മനോഹരമായ വെള്ളത്തൂവൽ പൊഴിച്ച പക്ഷിയെ ജീവജാലങ്ങൾ 'സുപർണ' എന്നു വിളിച്ചു. തുടർന്ന് ഇന്ദ്രനും ഗരുഡന് വരം വാഗ്ദാനം ചെയ്തു. സർപ്പങ്ങൾ തനിക്ക് എപ്പോഴും ആഹാരമാകണമെന്ന വര മാണ് ഗരുഡൻ ആവശ്യപ്പെട്ടത്. വരദാനത്തിനു ശേഷം ഇന്ദ്രൻ അമൃത് മറ്റാർക്കും നൽകരുതെന്ന് ശരുഡനോട് ആവശ്യപ്പെട്ടു. അമ്മയെ മോചിപ്പിക്കാൻ തനിക്ക് അമൃതകുഭം സർപ്പങ്ങൾക്ക് നൽകേണ്ടതുണ്ടെന്നും കുംഭം അവിടെ നിന്നു കടത്തേണ്ട ചുമതല അങ്ങു തന്നെ ചെയ്യണമെന്നും ഗരുഡൻ പറഞ്ഞു. തുടർന്ന് അമൃതകുംഭം ദർഭപ്പുല്ലിൽവച്ച് സർപ്പങ്ങളെ കാണിച്ച് ഗരുഡൻ അമ്മയെ മോചിപ്പിച്ചു.

സർപ്പങ്ങളോട് ദേഹ ശുദ്ധിവരുത്തിയതിന് ശേഷമേ ഇതു കഴിക്കാവൂ എന്ന് പറഞ്ഞ് ഗരുഡൻ പോയി. ഇതിനിടയിൽ ഇന്ദ്രൻ അമൃത കുംഭം കൈക്കലാക്കി സ്ഥലം വിട്ടു. എന്നാൽ അമൃതകുംഭത്തിൽ നിന്നും കുറച്ച് അമൃത് തുള്ളികൾ ദർഭയിൽ പതിച്ചു. തിരിച്ച് വന്ന സർപ്പങ്ങൾ അമൃത് പുല്ലിൽ നിന്നും നക്കി. അപ്പോൾ സർപ്പങ്ങളുടെ നാക്ക് പിളർന്നു. ഇങ്ങനെയാണ് സർപ്പങ്ങൾക്ക് ഇരട്ടനാക്കുണ്ടായതെന്നാണ് ഐതിഹ്യം.

**ഭാരതത്തിലെ നാഗാരാധന**

ഭാരതത്തിൽ വിവിധ ദേശങ്ങളിലെ നാഗാരാധന ഹൈന്ദവ പുരാണങ്ങളിലെ ശ്രേഷ്ഠ നാഗങ്ങളും സർപ്പങ്ങളുമായി ബന്ധപ്പെട്ട് കിടക്കുന്നു. ഭാരതീയ ജ്യോതിഷത്തിലും നാഗ സങ്കൽപ്പം പ്രബലമാണ്. ജ്യോതിഷ പ്രകാരം രാഹുവിന്റെയും ആയില്യം നക്ഷത്രത്തിന്റെയും ദേവത നാഗമാണ്. നാഗാരാധനയുമായി ബന്ധപ്പെട്ട അനുഷ്ഠാനമാണ് നാഗപഞ്ചമി. ഉത്തരേന്ത്യയിലാണ് ഇത് സാധാരണയായി ആഘോഷിക്കപ്പെടുന്നത്. ഗരുഡനും നാഗങ്ങളും രമ്യതയിലെത്തുന്ന ദിവസമാണ് നാഗപഞ്ചമി എന്നാണ് സങ്കൽപം. ശ്രീകൃഷ്ണൻ കാളിയമർദ്ദനം നടത്തിയതിന്റെ ഓർമ്മദിനമാണെന്ന മറ്റൊരു ഐതിഹ്യവുമുണ്ട്.

എന്നാൽ നാഗപഞ്ചമി ആഘോഷത്തിന് പിറകിൽ യുക്തിപരമായ ഒരു കാരണമുണ്ടെന്ന് പറയപ്പെടുന്നു. ശ്രാവണമാസത്തിലെ (ജൂലായ് – ആഗസ്റ്റ്) അഞ്ചാം ദിനമാണ് നാഗപഞ്ചമി. അന്ന് വിശ്വാസികൾ ക്ഷേത്രത്തിലെത്തി നാഗദൈവങ്ങളെ ആരാധിക്കുന്നു. ഉത്തരേന്ത്യയിൽ വളരെയധികം മഴ പെയ്യുന്ന മാസമാണ് ശ്രാവണം. ഇക്കാലത്ത് മാളങ്ങളിലും പൊത്തുകളിലും മഴവെള്ളം കയറുമ്പോൾ അവയിൽ ഒളിഞ്ഞിരിക്കുന്ന പാമ്പുകൾ പുറത്തു വരികയും മനുഷ്യരെ കടിക്കുകയും ചെയ്യാൻ സാധ്യത കൂടുതലാണ്. നാഗപഞ്ചമി ദിനത്തിൽ പൂജ നടത്തുന്നത് നാഗദൈവങ്ങളെ പ്രീതിപ്പെടുത്തി മനുഷ്യർക്ക് ആപത്തു തടയാനുള്ള ഉപാധി ആണെന്നാണ് കരുതപ്പെടുന്നത്. ചില ഗ്രാമങ്ങളിൽ ജനങ്ങൾ പാമ്പാട്ടികളെ വരുത്തി നാടൻ രീതിയിൽ സർപ്പപൂജ ചെയ്യുന്ന പതിവുമുണ്ട്. ഈ അവസരങ്ങളിൽ പാമ്പാട്ടികൾ ഒരു ഗ്രാമീണ പുരോഹിതന്റെ ചുമതല വഹിക്കുന്നു.

ഭാരതത്തിലെ പ്രധാന നാഗാരാധനാ ക്ഷേത്രങ്ങൾ കാശി മാഹേശ്വര ക്ഷേത്രം, കാശ്മീരിലെ അനന്തനാഗ് ക്ഷേത്രം, രാജസ്ഥാനിലെ ബായൂക്ക് –നൗഗൗർ ക്ഷേത്രങ്ങൾ, പ്രയാഗ നാഗവാസുകി ക്ഷേത്രം, ബിലാസ്പൂർ നാഗക്ഷേത്രം, നാഗാലാന്റ് ജംപായോങ്ങ് ക്ഷേത്രം, തമിഴ്നാട് നാഗർകോവിൽ നാഗരാജ ക്ഷേത്രം, കുംഭകോണം തിരുനാഗേശ്വര ക്ഷേത്രം, കർണ്ണാടകയിലെ കുക്കെ ക്ഷേത്രം, കേരളത്തിലെ മണ്ണാറശാല ക്ഷേത്രം എന്നിവയാണ്.

**ആദിശേഷന്റെ പാട്ടുകൾ**


രാഘവൻ മാസ്റ്റർ

ഹൈന്ദവ പുരാണങ്ങളിലെ ദൈവതുല്യരായി ആരാധിക്കുന്ന സർപ്പശ്രേഷ്ഠരെപ്പറ്റി, വിശേഷിച്ച് ആദിശേഷനെന്ന് വിശേഷിപ്പിക്കുന്ന അനന്തനെയാണ് സാധാരണയായി പാട്ടുകളിൽ പരാമർശിക്കുന്നത്.

1977ൽ പുറത്തിറങ്ങിയ വടക്കൻപാട്ടു ചിത്രമായ 'കണ്ണപ്പനുണ്ണി' യിൽ പി. ഭാസ്കരൻ മാസ്റ്റർ രചിച്ച് കെ.രാഘവൻ മാസ്റ്റർ ഈണം നൽകി യേശുദാസ് പാടിയ ഗാനമാണ്;

# ഒരു പൗരസ്വീകരണവും, ഒരു യാത്രയയപ്പും



*Er. Gopalakrishnan R.*
*Member (Electrical) Retd.*

1963 മാർച്ചിലാണ് പത്തനംതിട്ട ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ ആയി നിയമിതനായത്. സ്വന്തം നാട്ടിൽ ഡിസ്ട്രിബ്യൂഷനിൽജോലി ചെയ്യുന്നതിലുള്ള വൈഷമ്യം, ടെക്നിക്കൽ മെമ്പർ ആയിരുന്ന എസ്. ജനാർദനൻപിള്ള സാറിനെ കണ്ടു പറഞ്ഞു .

ബന്ധുക്കൾ, നാട്ടുകാർ, സഹപാഠികൾ, ഓരോ ആവശ്യങ്ങളുമായി സമീപിക്കും. ഭൂരിപക്ഷവും ചെയ്തുകൊടുക്കാൻ പറ്റാത്തവയായിരിക്കും. പരാധീനതകളൊന്നും അവരോടു പറഞ്ഞാൽ മനസ്സിലാകില്ല. മനഃപൂർവ്വം ഉഴപ്പുകയാണെന്നു കരുതും. ഒടുവിൽ പരാതിയായി, പരിഭവമായി, പിണക്കമായി.., സ്വന്തക്കാർ ഉൾപ്പെടെ.. പക്ഷെ സാറിന്റെ ഉപദേശം മറിച്ചായിരുന്നു,''സ്വന്തം നാടിനു വേണ്ടി എന്തെങ്കിലും ചെയ്യാൻ കിട്ടുന്ന സുവർണ്ണാവസരമല്ലേ? എന്റെയും ചീഫ് എഞ്ചിനീയർ ജയചന്ദ്രന്റെയും എല്ലാ സപ്പോർട്ടും ഉണ്ടാവും. മാത്രമല്ല, മന്ത്രി പദ്മരാജൻ സാറിന്റെ പ്രത്യേക താല്പര്യവും ഉണ്ട്. ഈ മന്ത്രിസഭയുടെ കാലത്തു നടപ്പിലാക്കാൻ സാധ്യമല്ല എന്ന് കരുതിയിരുന്ന കൊട്ടിയം സബ്സ്റ്റേഷൻ യാഥാർഥ്യമാക്കുന്നതിൽ ഗോപാലകൃഷ്ണൻ വഹിച്ച പങ്കിനെക്കുറിച്ചു സാർ വളരെ പ്രശംസിച്ചു പറയുകയും ചെയ്തു'.

---

*'ആയിരം ഫണമെഴും*
*ആദിശേഷരെ*
*ആനന്ദമൂർത്തെ വന്നാലും'*

നാഗശ്രേഷ്ഠനായ അനന്തനാഗത്തെ ഭജിച്ചു കൊണ്ട് ആരംഭിക്കുന്ന ഈ ഗാനത്തിൽ പാൽക്കടൽ കടയുമ്പോൾ കടകോൽ ആയ വാസുകിയെയും മറ്റൊരു സർപ്പ രാജനായ തക്ഷകനെപ്പറ്റിയും എല്ലാം വരികളിൽ പരാമർശിക്കുന്നുണ്ട്. അർദ്ധ ശാസ്ത്രീയമായി ചിട്ടപ്പെടുത്തിയ ഒരു രാഗമാലികയായ ഈ ഗാനത്തിൽ കല്യാണി, നാട്ടക്കുറിഞ്ഞി, ആഭേരി, പുന്നാഗവരാളി എന്നീ രാഗങ്ങളാണുള്ളത്. ഗാനത്തിന്റെ അവസാന ഭാഗത്താണ് പുന്നാഗവരാളിയിലുള്ള പാമ്പാട്ടത്തിന്റെ സംഗീതമുള്ളത്.



കെ.ജെ. ജോയി

1979ൽ പുറത്തിറങ്ങിയ സർപ്പം എന്ന ചിത്രത്തിൽ ബിച്ചു തിരുമല രചിച്ച് കെ.ജെ. ജോയ് ഈണം നൽകി ജയചന്ദ്രനും സംഘവും പാടിയ ഗാനമാണ്

*'ആയിരം തലയുള്ള ആദിശേഷൻ നീ*
*ആയില്യം തിരുനാളിൽ പിറന്നോനല്ലോ'*

'പുന്നാഗവരാളി' രാഗത്തിലുള്ള ഈ ഗാനത്തിന്റെ ആദ്യഭാഗം പുള്ളുവൻപാട്ട് ശൈലിയിലുള്ളതാണ്. തുടർന്ന് ചടുലമായ ശൈലിയിലുള്ള സർപ്പംതുള്ളലും സർപ്പനൃത്തവുമുണ്ട്.

**അവലംബം**

1. വിക്കിപീഡിയ – സർപ്പം, സർപ്പാരാധന എന്നിവയെപ്പറ്റിയുള്ള വിവരങ്ങൾ
2. വിഷ്ണു നമ്പൂതിരി എം.വി. (ഡോ) ഫോക്‌ലോർ നിഘണ്ടു – കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

ഇത്രയും പ്രശസ്തരുടെ പിന്തുണ ഉള്ളപ്പോൾ ഒഴിഞ്ഞു മാറുന്നതും ശരിയല്ല .

രണ്ടരവർഷം പത്തനംതിട്ടയിൽ ഉദ്ദേശി ച്ചിരുന്നതിനേക്കാൾ എളുപ്പമായിരുന്നു കാര്യ ങ്ങൾ. പ്രഗത്ഭരായ സഹ എൻജിനീയർമാരു ടെയും ജീവനക്കാരുടെയും വിശ്വാസവും സഹകരണവും നേടിയെടുക്കുന്നതിൽ വിജയിച്ചു; ബോർഡും ഞങ്ങളുടെ നേട്ടങ്ങളെ അംഗീകരിച്ചു എന്നുള്ളതും സംതൃപ്തി കരമായ അനുഭവം. ശബരിമലയിൽ രണ്ടു വർഷവും സീസൺ കാലത്തു ഒരു സെക്കന്റ് പോലും വൈദ്യുതി തടസ്സം ഉണ്ടാകാതെ മുൻ കരുതൽ എടുത്തതിനു ഏകദേശം രണ്ടു കോടി രൂപയുടെ ജോലികൾ തീർത്തതിന് പ്രശസ്തിപത്രവും ക്യാഷ് അവാർഡും ഇതി നിടയിൽ ചരിത്രത്തിൽ ആദ്യമായി മന്ത്രി യെയും എം.എൽ.എ.മാരെയും പങ്കെടുപ്പിച്ചു കൊണ്ട് അസോസിയേഷൻ വാർഷിക സമ്മേളനവും, എം.എൽ.എ.മാർ നമ്മുടെ കുറവുകൾ വിളിച്ചു പറയുമോ എന്ന ആശങ്ക യായിരുന്നു നേതാക്കൾക്ക്; മറിച്ചു മന്ത്രിയും എം.എൽ.എ.മാരും എഞ്ചിനീയർമാരെ പ്രശംസിച്ചാണ് സംസാരിച്ചത്.

ഒട്ടും നിനച്ചിരിക്കാതെ സ്ഥലം മാറ്റം; ഒരു ദിവസം മെമ്പർ മാത്യു സാറിന്റെ വിളി, 'നീ കാറുമെടുത്തു വേഗം വരിക "

എന്താണ് സർ ?

വന്നിട്ട് പറയാം. കുറെ വിജിലൻസ് അന്വേഷണങ്ങൾ നേരിട്ടിരുന്നതുകൊണ്ടു അൽപ്പം ശങ്ക തോന്നാതിരുന്നില്ല. വേഗം ബോർഡ് ഓഫീസിൽ എത്തി, സാർ ഒരു കവർ എടുത്തുതന്നു"പൊട്ടിച്ചുനോക്ക്" തിരുവനന്ത പുരത്തേക്കു ട്രാൻസ്ഫർ.

അന്തം വിട്ടിരുന്നുപോയി. സ്വന്തം നാട്ടിൽ ഒരു നല്ല ഇമേജ് ഉണ്ടാക്കി ഷൈൻ ചെയ്തു ഇരിക്കയാണ്, പെൻഷൻ ആകാൻ ആറു മാസങ്ങൾ കൂടി മാത്രം.

'സർ, വല്ലാത്ത ബുദ്ധിമുട്ടായല്ലോ. മോൾ പത്തനംതിട്ട പഠിച്ചുകൊണ്ടിരിക്കയാണ്.

അവിടെ തന്നെ പഠിച്ചോട്ടെ, ക്വാർട്ടേഴ്സ് വിടേണ്ടാ, ഇടയ്ക്കിടെ പോയിവരാം; ഒരു ഒഴിവു കഴിവും പറയേണ്ട മന്ത്രിയുടെ നിർബ ന്ധമാണ് നീ തന്നെ വേണമെന്ന്. മറുത്തൊ ന്നും പറയേണ്ടാ, നാളെത്തന്നെ ചാർജ് എടുക്കണം. മറുത്തൊന്നും പറഞ്ഞിട്ട് കാര്യ മില്ല. നീ പോയി കാർത്തികേയൻ സാറിനെ ഒന്ന് കണ്ടിട്ട് പൊയ്ക്കോളൂ. നേരെ പോയി കാർത്തികേയൻ സാറിനെ കണ്ടു. ബുദ്ധി മുട്ടായി അല്ലെ ?; സാരമില്ല. ഇവിടെ ധാരാളം ജോലികൾ പെൻഡിങ് ആണ്., ഒരു പ്രൊമോ ഷൻ ആയി കണ്ടാൽ മതി, തലസ്ഥാനമല്ലേ, ഏറ്റവും പ്രാധാന്യമുള്ള സർക്കിൾ."

രണ്ടു ദിവസത്തെ സമയം ചോദിച്ചു.

ശരി,

പെൻഷൻ പറ്റാൻ ആറു മാസങ്ങൾ മാത്രം. സ്വന്തം നാടായ പത്തനംതിട്ടയിൽ നിന്ന് തന്നെ പെൻഷൻ പറ്റണമെന്നുള്ളത് വലിയ ആഗ്രഹമായിരുന്നു. പക്ഷെ ടെക്നി ക്കൽ മെമ്പർ ആയിരുന്ന മാത്യു റോയ് സാറിന്റെ ഓർഡർ ധിക്കരിക്കാൻ വയ്യ. എം. എൽ.എ. ഉൾപ്പെടെയുള്ള നാട്ടുകാർ പ്രതിഷേധിച്ചെങ്കിലും മന്ത്രി ശ്രീ. ജി. കാർത്തി കേയൻ സാറിന്റെ താല്പര്യമായിരുന്നു.

പോകാതെ നിവർത്തിയില്ല. വിവരം അറിഞ്ഞ നാട്ടുകാരും സുഹൃത്തുക്കളും ചേർന്ന് ഒരു ഗംഭീര യാത്രയയപ്പു സൽക്കാരം നൽകാൻ തീരുമാനിച്ചു. 1964 ൽ നാരങ്ങാനം എന്ന കുഗ്രാമത്തിൽ നിന്ന് ആദ്യമായി എൻജി നീയറിങ് പാസ്സായ എനിക്ക് പൗരസമിതി ഒരു ഗംഭീര സ്വീകരണം തീരുമാനിച്ചെങ്കിലും ഞാൻ നന്ദിപൂർവം വിയോജിക്കയാണുണ്ടായത്, നമ്മുടെ നാടിന്റെ ശോച്യാവസ്ഥ എന്തിനു മറ്റുള്ളവരെ കൂടി അറിയിക്കണം. എന്നാൽ ഈ പ്രാവശ്യം നാട്ടുകാർ വിടാൻ തയ്യാർ അല്ല.

അവർ ഒരു വലിയ സ്വീകരണ കമ്മറ്റിതന്നെ രൂപീകരിച്ചു.; എം.എൽ.എ., പഞ്ചായത്തു പ്രസിഡന്റ്, പൗരസമിതി പ്രസിഡന്റ്, സെക്രട്ടറി, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ അടുത്തപള്ളിയിലെ വികാരിയച്ചൻ, വലിയ കുളം ജംഗ്ഷൻ മുതൽ നീണ്ട വർണ്ണ തോരണ ങ്ങൾ..

എം.എൽ.എ. മുതൽ എല്ലാവരും എന്നെ മുക്തകണ്ഠം പ്രശംസിച്ചു. "നമ്മുടെ നാടിന്റെ പൊന്നോമനപുത്രൻ" എന്നാണ് പൗരസമിതി പ്രസിഡന്റ് വിശേഷിപ്പിച്ചത്. എന്റെ അധ്യാപക രായിരുന്ന കൊച്ചുതുണ്ടിയിൽ ജോർജ് സാറും ഭൂതക്കുഴിയിൽ തോമസ് സാറും വേദിയിൽ.

നമുക്കേവർക്കും പ്രിയപ്പെട്ട 'ഗോപാലകൃ ഷ്ണൻ സാർ...' ജോർജ് സാർ അത്രയും പറഞ്ഞപ്പോഴേക്കും ഞാൻ ഇടപെട്ടു;

'സാർ ക്ഷമിക്കണം' എന്നെ എൻജിനീ യറിങ്ങിന്റെ ബാലപാഠമായ കണക്കു പഠിപ്പിച്ച രണ്ടു ഗുരു ശ്രേഷ്ഠരാണ് ജോർജ് സാറും, തോമസ് മാത്യു സാറും. അവരുടെ മുന്നിൽ ഇന്നും ഞാൻ ഒരു ശിശു മാത്രമാണ്, അവരുടെ സാന്നിധ്യംകൊണ്ട് തന്നെ ഞാൻ, നമ്മൾ എല്ലാവരും ധന്യരാണ്. ദയവു ചെയ്ത് എന്നെ ഇവർ രണ്ടുപേരും സാർ എന്ന് വിളിക്ക രുത്.

എല്ലാവരുടെയും പ്രസംഗം കഴിഞ്ഞ പ്പോൾ എന്റെ ഊഴമായി. ഞാൻ തികച്ചും വികാരഭരിതൻ ആയിരുന്നു.

എന്നെക്കുറിച്ച് പറഞ്ഞ നല്ലവാക്കുകൾ ക്കെല്ലാം നന്ദി. ഈ സന്ദർഭത്തിൽ രണ്ടു പേരെ ഞാൻ സ്മരിക്കാതിരിക്കുന്നതു നന്ദികേടായി രിക്കും.

''നിന്നെപ്പോലെ നിന്റെ അയൽക്കാര നെയും സ്നേഹിക്ക " എന്ന ശ്രീയേശു വചനം കൃത്യമായ് പാലിച്ച ഒരു അയൽക്കാരൻ. മുട്ടുവിൻ തുറക്കപ്പെടും 'എന്ന തിരുവചനം അക്ഷരാർഥത്തിൽ പാലിച്ച എന്റെ അയൽ വാസി മത്തായിച്ചൻ എന്ന ഉപദേശി. ഞാൻ മുട്ടിയപ്പോൾ ഒരിക്കൽ പോലും ആ വാതിൽ തുറക്കാതിരുന്നിട്ടില്ല.

മറ്റൊരു അയൽക്കാരൻ, ടി.എസ്. നാരായണൻ എന്ന ജവുളിക്കടക്കാരൻ. ഒരു ചെറുകിട വ്യാപാരിമാത്രം, അദ്ദേഹം കടമായി തന്ന തുണികൊണ്ടു തയ്ച്ച പാന്റാണ് ഞാൻ ആദ്യമായി ഇടുന്നത്. രണ്ടുപേരും സ്വർഗ്ഗ ത്തിൽ ഇരുന്നുകൊണ്ട് ഈ മീറ്റിംഗ് കണ്ടു സന്തോഷിക്കുന്നുണ്ടാവും. ഇനിയും ഒരു ആളെ കൂടി ഓർമ്മിപ്പിക്കുന്നതിൽ ക്ഷമിക്കുക. പേര് ഞാൻ പറയുന്നില്ല, ഞാൻ ഫൈനൽ ഇയറിൽ പഠിക്കുമ്പോൾ ടൂർ പോകാനായി 300 രൂപ ആവശ്യമായിരുന്നു. അന്ന് അത്രയും വലിയ ഒരു തുക അച്ഛന്റെ കഴിവിനപ്പുറമാ യിരുന്നു. കോഴഞ്ചേരിയിലെ ഒരു വ്യാപാരിയെ സമീപിച്ചു. ഞങ്ങളുടെ അയൽ വാസിയായ ഒരുപണക്കാരൻ ജാമ്യം നിന്നാൽ തരാമെ ന്നേറ്റു,അച്ഛൻ അദ്ദേഹത്തെ സമീപിച്ചെങ്കിലും കൈമലർത്തുകയാണുണ്ടായത്. തിരിച്ചു കിട്ടിയില്ലെങ്കിലോ ?

പക്ഷെ ഞാൻ ഇവിടെ വന്നിട്ട് ആദ്യം ചെയ്തത് അദ്ദേഹത്തിന്റെ അപേക്ഷ സ്വീകരി ക്കയാണുണ്ടായത്. ഒരു പ്രതികാര ബുദ്ധി യോടെ എന്ന് വേണമെങ്കിൽ പറയാം. അദ്ദേഹ ത്തിന്റെ വീട്ടിലേക്കുള്ള ലൈനിൽ മരക്കൊമ്പു കൾ തട്ടിയും ഒടിഞ്ഞു വീണും ലൈനുകൾ പൊട്ടിയും സ്ഥിരം ബുദ്ധിമുട്ടുന്നു.

എല്ലാം ശരിയാക്കിയപ്പോൾ ഒരു നന്ദി വാക്ക് പറയാൻ അദ്ദേഹം മറന്നില്ല, സദസ്യ രുടെ ഇടയിൽ ഇരുന്നു വിയർക്കുന്ന അദ്ദേഹത്തെ ഞാൻ മാത്രം ശ്രദ്ധിച്ചു. പിരിയു മ്പോൾ വന്നു ഒരു ഷേക്ക്ഹാൻഡ് തരാൻ അദ്ദേഹം മടി കാണിച്ചില്ല,

പത്തനംതിട്ടയോടും എന്റെ ജൻമ്മനാടി നോടും ഔദ്യോഗികമായി വിട പറയുമ്പോൾ സംതൃപ്തിയോടൊപ്പം വല്ലാത്ത നഷ്ട ബോധവും ഉണ്ടായിരുന്നു.

## സിനിമാഭിപ്രായം - 1




*Er കെ.എൻ. രാമദാസ്*
*അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (റിട്ട.)*

# # Perfect # Days

*(അവനവൻ ആനന്ദം കണ്ടെത്തുന്ന വഴികൾ)*

**വിം** വെൻഡേഴ്സ് എന്ന മഹാനായ ചലച്ചിത്രകാരൻ തന്റെ 78-ാ മത്തെ വയസ്സിലെടുത്ത മഹത്തായ സിനിമ. നായകനായി നടനരാജാവ് കോജി യാഷുക്കോ.

ഒരു പുസ്തകം, ഒരു സിനിമയൊക്കെ നമ്മുടെ ജീവിതം മാറ്റിമറിക്കാം. അത്തരമൊരു സിനിമയാണ് തിരുവനന്തപുരം ചലച്ചിത്രോത്സവത്തിന്റെ അവസാന ദിവസം കണ്ടത്.




ജോലി മൂത്രപ്പുര വൃത്തിയാക്കൽ.
Tokyo Toilet Cleaner.

ഏത് ജോലിയും ആസ്വദിച്ച് ആത്മാർത്ഥതയോടെ ചെയ്യുക. തുച്ഛമായ വരുമാനമായിരിക്കാം, അതൊക്കെ മതി. വെളുപ്പിന് 4 മണിയോടെ അലാറം പോലുമില്ലാതെ ഉണരുക. ഒരു കൊച്ചു അപ്പാർട്ടുമെന്റിൽ ചെറിയ ചായക്കപ്പുകളിൽ താൻ നട്ടുവളർത്തുന്ന ചെടികൾ നനയ്ക്കുക, അവയോടു അല്പം കുശലം പറയുക. പിന്നെ പല്ലുതേപ്പ്, യൂണിഫോമിടൽ, കതക്പോലുമടയ്ക്കാതെ യാത്ര തുടങ്ങുന്നു. താഴെയുള്ള വെൻഡിങ് മെഷിനിൽ നിന്നും ഒരു കോഫി. ഒമ്നിവാൻ പോലുള്ള ഒരു വണ്ടിയിൽ താൻ സ്വന്തമായി വാങ്ങിയ വൃത്തിയാക്കുന്നതിനുള്ള ഉപകരണങ്ങളുമായി ദിവസം തുടങ്ങുന്നു. കൂട്ടിന് 80 കളിലെ മഹത്തായ സംഗീതത്തിന്റെ കാസറ്റുകൾ.

ജോലി ഉഡായിപ്പല്ല. ഏറ്റവും വൃത്തിയായിരിക്കണമെല്ലാം, ഒന്നിലും ഒരു കോംപ്രമൈസുമില്ല. ഇടയ്ക്കൊരു ഇടവേള. സ്ഥിരമായി പോകുന്നത് ഒരു ബുദ്ധ മൊണാസ്ടിയുടെ മുൻഭാഗത്ത്. ഒരു സാൻഡ്വിച്ച്, ഒരു കോള. പിന്നെയൊരു മരത്തിന്റെ (സുഹൃദ് മരം) ചില്ലകൾക്കിടയിലൂടെ വരുന്ന ഉദയസൂര്യന്റെ ചിത്രമെടുക്കുക, തന്റെ ഒളിമ്പസ് ക്യാമറയിൽ. കുളിയും പൊതുയിടത്താണ്. അതു കഴിഞ്ഞ് സ്വിമ്മിങ് പൂളിൽ അല്പസമയം.

ആഴ്ചയിൽ ഒരുദിവസം കിട്ടുന്ന അവധി ആഘോഷമാണ്. തുണികൾ പൊതുവാഷിങ് മെഷീനിൽ കൊണ്ടുപോയി അലക്കണം. ഒരു ഡോളർ പുസ്തകക്കടയിൽ പോയി ഇഷ്ടപ്പെട്ടൊരു പുസ്തകം വാങ്ങണം. വൈകുന്നേരം സ്ഥിരം പബ്ബിൽ പോയി രണ്ടെണ്ണമടിക്കണം. അതിനിടെ അവിടത്തെ നടത്തിപ്പുകാരിയുമായി അല്പം സല്ലാപം, മേമ്പൊടിയായി

കുറച്ചു സംഗീതവും. മുറിയിലെത്തിയാൽ പുസ്തകത്തിന്റെ കുറച്ചു പേജുകൾ വായിക്കും. സുഖകരമായ നിദ്രക്കു ശേഷം കലണ്ടർ ആവർത്തിച്ചു കൊണ്ടേയിരിക്കുന്നു.

പരാതികളില്ല,
പരിഭവങ്ങളില്ല,
പരിദേവനങ്ങളില്ല.

സിനിമയിൽ ആകെക്കൂടി നായകന് സംസാരിക്കേണ്ടത് പത്തോളം വാക്കുകൾ മാത്രം. എല്ലാം ഒരു ചിരിയിലൊതുക്കുന്ന നിസ്സംഗതയാണ് മിക്കപ്പോഴും. കഥാപാത്ര ങ്ങൾ ആകെ അഞ്ചോ ആറോ പേർ.

സ്വന്തം സഹോദരിയുടെ മകൾ ഇടയ്ക്ക് അമ്മാവനെ അന്വേഷിച്ച് അഭയം തിരക്കി വരുന്നു. ഹൃദയസ്പർശിയാണ് അവളുമൊ ത്തുള്ള രണ്ടോ മൂന്നോ ദിവസങ്ങളിലെ ജീവിതം. അതിസമ്പന്നയായ സഹോദരി പുറകേയെത്തുന്നു. ഇവിടെയൊക്കെ വികാര തീവ്രമായ സംഭാഷണങ്ങളില്ല, ഒരു നോട്ടം, പുഞ്ചിരി, കരച്ചിൽ അതിലൊക്കെയടങ്ങുന്നു എല്ലാം.

ഇതിനിടെ സഹപ്രവർത്തകന്റെ കാമുകി അടിച്ചുമാറ്റിയ കാസറ്റുമായി മടങ്ങി വരുന്നുണ്ട്. അവൾ വണ്ടിയിൽ നിന്നിറങ്ങിപ്പോകുന്നതിനു മുമ്പ് ഹിരായാമക്ക് കവിളിൽ നല്കിയ മുത്തം എന്റെ കവിളത്ത് ഇപ്പോഴും ചൂടോടെയുണ്ട്. ഹിരായാമയുടെ ദിനരാത്രങ്ങൾ ഒരുപാട് പ്രാവശ്യം സിനിമയിൽ ആവർത്തിക്കുന്നുണ്ട്.

മറ്റൊരു സിനിമയിലാണെങ്കിൽ വിരസത യോടെ കാണേണ്ടിവരുന്ന രംഗങ്ങൾ ഒരു വിരസതയും തന്നില്ല, മറിച്ച് ആസ്വദിച്ച് തന്നെ കാണാൻ കഴിയും. ഒരു മനുഷ്യന് ആനന്ദ ത്തോടെ ജീവിയ്ക്കാൻ എന്തൊക്കെ വേണം?

മനോഹരമായ ഈ സിനിമ കണ്ടാൽ ഉത്തരം നിങ്ങളെത്തേടിയെത്തും, ഉറപ്പ്! പ്രസിദ്ധമായ കാൻ ചലച്ചിത്രമേളയിലെ മികച്ച നടനായി തിരഞ്ഞെടുക്കാൻ ജൂറിക്ക് രണ്ടാമ തൊന്ന് ആലോചിക്കേണ്ടി വന്നിരിക്കില്ല.

ചിത്രത്തിന്റെ അവസാനം കാസറ്റ് സംഗീതം കേട്ട് വണ്ടിയോടിക്കുന്ന ഹിരായാമ യുടെ മുഖത്ത് മിന്നി മറയുന്ന ഭാവങ്ങൾ നടനവൈഭവം എന്നു പറഞ്ഞാൽ കുറഞ്ഞു പോകും.

✵

കവിത

# ഡിസംബർ 3।



Er **മഹേഷ് റ്റി.**
*അസിസ്റ്റന്റ് എഞ്ചിനീയർ*

എന്തുകൊണ്ടെന്തു കൊണ്ടെന്തുകൊണ്ട്?
എത്ര വളർന്നാലും എത്ര മറന്നാലും
എന്നെ ഞാനാക്കിയ
ശീലങ്ങളൊക്കെയും മാറ്റേണ്ടതുണ്ടെന്നു
തോന്നിടുന്നു ഈ ദിനത്തിൽ!

ദിനരാത്രങ്ങൾക്ക് വ്യത്യാസമില്ലെന്നാകിലും
കാലചക്രത്തിലെ ഓർമ്മകളൊക്കെയും
സന്തുഷ്ടമാണെന്നാകിലും
കാലത്തിനൊത്തു ഞാൻ
ചലിക്കേണ്ടതുണ്ടെന്ന്
ഈ ദിനം എന്നെ ഭയപ്പെടുത്തീടുന്നു!

കാലം ഇതെത്ര വേഗത്തിൽ
നീങ്ങുന്നുണ്ടെന്നതും
കാലത്തിനൊത്തു ഞാൻ
ഗമിയ്ക്കേണ്ടതുണ്ടെന്നും
കാലത്തിനൊപ്പം ഞാൻ
മാറേണ്ടതാണെന്നതും
ഈ ദിനം എന്നെ ഓർമ്മപ്പെടുത്തീടുന്നു!

✵

## Letter by Association


# KSEB ENGINEERS' ASSOCIATION

TC 26/1300, Engineers House, Panavila, Thiruvananthapuram-695001
Tele.No. 0471-2330696, FAX No. 0471-2330853 , Website : ksebea.in
E-mail: ksebea@gmail.com

| | | |
|---|---|---|
| *President* | *General Secretary* | *Treasurer* |
| **Er Sunil K.** | **Er Geetha V.S.** | **Er Anoop Vijayan** |
| *Vice- Presidents* | *Organising Secretaries* | *Secretaries* |
| **Er G. Shaj Kumar (S)** | **Er Kunjunni P.S. (S)** | **Er M. Muhammed Rafi (HQ)** |
| **Er Sabu T. Joseph (N)** | **Er Shine Sebastian (N)** | **Er B. Nishanth (S)** |
| | | **Er Pramod Kumar M. (N)** |


Letter No. KSEBEA/2023-24/ 25.10.2023

To

The Director (Distribution, Safety, SCM & IT)
KSEB Ltd., Vydyuthi Bhavanam
Pattom, Thiruvananthapuram

Sir,

Sub : Working arrangement - Recent direction received from the Director (Distribution, Safety, SCM & IT) - Reg.

Ref : Letter dated 13.10.2023 of Director (Distribution, Safety, SCM & IT) addressed to Deputy Chief Engineer- Thodupuzha

Kindly refer to the above direction issued from that office to the Deputy Chief Engineer, Thodupuzha, directing not to resort to working arrangements . The direction was issued subsequent to the protest by KSEBWA, initially at the division office and then at the Circle office, against the working arrangement posting of SE, SS and SA under Electrical Division, Kattappana. In this regard, we would like to bring certain facts for your benign consideration.

The Executive Engineer, Electrical Division, Kattappana, and the Deputy Chief Engineer, Electrical Circle, Thodupuzha, were forced to make working arrangement for SE, SS and SA due to a shortage of employees after relieving employees as per orders in GT 2023. There was only one sub-engineer in these sections where the working arrangement postings were severely affected the work, and there were frequent complaints from the field. Safety at the work site was severely affected due to a shortage of field staff, especially Sub Engineers. The concerned office head had rearranged sub-engineers in sections in such a way that there are at least two Sub Engineers in each section, and that too with the concurrence of the employees concerned.

Though the measures were taken in the best interest of the Board to ensure minimum employees under different sections to provide uninterrupted power supply, ensure safety, and collect revenue, which are vital for the existence of our organization and meeting the basic obligation to the consumer, the direction referred to above is highly demotivating for dedicated engineers.

It is also specified in the letter that "the officer shall be responsible for financial losses to the Board on account of a strike or agitation resulting from the release of such orders," which is against the rule of law in force. The rule of law specifies that the financial loss as a result of any agitation or protest shall be recovered from the authorities calling for such agitation or protest. The subject protest against working arrangements is solely for protecting certain employee interests and not the interests of KSEBL. But it is unfortunate to note that the direction referred to above is totally against the rule of law in force and is detrimental to the interests of the Board. This instruction will be a clean chit for the trade unions to hold agitations or protests to make management succumb to their own whims and fancies, and to protect their vested interests.

The cancellation of the working arrangement orders has now created an unmanageable situation in the field. Even the working order arrangement released by the Chief Engineer (HRM) recently has addressed one division only, and the rest of the divisions are still suffering. It is learned that the already released working order is also not as per the consent of the employees.

Consumer complaints are rising, and the situation is getting out of control. This will also be seen in the context of recent happenings in Thodupuzha and subsequent vigilance inquiries, which surely is a blow to some vested interest groups, whom we suspect are behind this agenda. That may be the reason why the working arrangement that is happening in all circles is being objected to in Thodupuzha only.

It is to be noted that the field officers are the best judges of the conditions existing regarding the capabilities of the staff and the requirements of their offices. It is disappointing that the higher offices are not supporting the genuine effort of the field officers to steer the Distribution sector within many constraints. We expect at least some consultation with the field officers before releasing such orders and request not to demoralize the hard-working engineers in the field.

We request your good self to have a look into the matter and take appropriate measures to uphold the rule of law and ensure the posting of an adequate number of employees to the section offices. We are of the opinion that the officers shall be permitted to exercise their working arrangement posting as per the delegated administrative powers of the concerned officer to ensure the smooth functioning of the offices under their control in cases of exigency. We would also like the management to address the policy of working arrangements as a whole and deliberate upon why this has become a "necessary evil" in the administrative policy of KSEBL.

Thanking You

Sd/-

GENERAL SECREATARY

Alappuzha unit meeting





Kannur unit meeting

Thiruvananthapuram Unit Meeting





Kozhikode Unit meeting






Ernakulam Unit meeting





**KSEB ENGINEERS' ASSOCIATION**
**Hydel Bullet Monthly**
**RNI Reg. No. KERENG/2013/48628**

**Price ₹ 10**
**Postal Reg. No. KL/TV(N)/645/2022-2024**
**Date of Publication 23.12.2023**

# Governing Body Meeting at Thiruvananthapuram















Edited, Printed & Published by K.G. Potti, Chief Editor, Hydel Bullet for and on behalf of KSEB Engineers' Association, Panavila, Trivandrum-01, Ph:0471-2330696, Email: hydelbulletin@gmail.com, Web: ksebea.in at Bhagath Printers, Pattom, Trivandrum - 4 , Mob : 8138 91 81 91, bhagathprinters@gmail.com

For private circulation only